// THE BIBLE TRUTH

**Editor**
**P.K. VARGHESE**
000
**Published by Church of Christ**
**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 29** **August 2015** **No.5**

# എഡിറ്റോറിയൽ

യഥാർത്ഥമായ ഭക്തി ഇന്നു ലോകത്തിൽ വിരളമായിട്ടാണ് കാണുന്നത്. പലർക്കും ദൈവഭക്തി എന്താണെന്നു പോലും അറിയില്ല എന്നു പറഞ്ഞാൽ അത് അതിശയോക്തി ആയിരിക്കുകയില്ല. കാരണം മതപരമായ ചടങ്ങുകളാണ് മതഭക്തി എന്ന തെറ്റിദ്ധാരണ സമൂഹങ്ങളിൽ പ്രചരിക്കപ്പെട്ടിരിക്കയാണ്. മനുഷ്യ മനസിനെ സാത്താൻ കുരുടാക്കി വെച്ചിരിക്കുകയാണ്. അതുകൊണ്ട് ഭൂരിഭാഗം പേർക്കും ശരിയായ കാഴ്ച്ചപ്പാട് ഇല്ലാതിരിക്കുന്നു. ആകയാൽ അവർ കാണേണ്ടത് കാണാതിരിക്കുകയും കാണരുതാത്തത് കാണുകയും ചെയ്യുന്നു. ദൈവം മനുഷ്യരെ സൃഷ്ടിച്ചതുമുതൽ അവരെ സ്നേഹിക്കുന്നതിനാലാണ് അവർക്ക് ആവശ്യമുള്ളതെല്ലാം അവൻ നൽകുന്നത്. ഭൂമിയിൽ ജീവിക്കുന്ന സർവ്വ മനുഷ്യരും ജീവിക്കുന്നതും നിലനിൽക്കുന്നതും സർവ്വശക്തനായ ദൈവത്തിന്റെ ദയവുകൊണ്ടാണ്. അവൻ നീതിമാന്മാരുടെ മേലും നീതികെട്ടവരുടെ മേലും മഴ പെയ്യിക്കയും സൂര്യനെ ഉദിപ്പിക്കയും ചെയ്യുന്നു. അവൻ എല്ലാവർക്കും നല്ലവൻ ആണെന്ന വസ്തുതയാണ് അത് വെളിപ്പെടുത്തുന്നത്. ദൈവം തരുന്ന സാക്ഷ്യമാണ് യാഥാർത്ഥ്യം.

പ്രപഞ്ചവും അതിലെ എല്ലാ വസ്തുക്കളും ദൈവം ഉണ്ടാക്കിയത് മനുഷ്യരുടെ ആവാസ വ്യവസ്ഥക്കാണ്. നാം അവയെ ശരിയായി ഉപയോഗിച്ചാൽ അതിൽനിന്ന് നല്ല ഫലം ലഭിക്കും. പലപ്പോഴും മനുഷ്യർ പ്രകൃതിയെയും പ്രകൃതിയിലെ വസ്തുക്കളെയും ദുരുപയോഗം ചെയ്യുകയാണ്. അതുകൊണ്ട് പ്രകൃതി നാശത്തിലേക്ക് നീങ്ങിക്കൊണ്ടാണിരിക്കുന്നത്. വേല ചെയ്യുക, കാത്തുകൊള്ളുക എന്നീ രണ്ട് കാര്യങ്ങളാ

യിരുന്നു ആദ്യ മനുഷ്യർക്ക് ദൈവം കൊടുത്ത ചുമതല. മനുഷ്യർ ഈ ഭൂമിയിൽ വസിക്കുന്ന കാലത്തോളം ആ കൽപന നാം അറിയാതെ പോകരുത്. സ്വാർത്ഥത നിറഞ്ഞു കവിയുമ്പോൾ, ആളുകൾ ഇപ്പോൾ സമൂഹത്തിൽ ജീവിക്കുന്നവരെ കുറിച്ചോ അടുത്ത തലമുറയിൽ ജനിക്കുവാനിരിക്കുന്നവർക്കോ ഹാനികരമായവയെ മറന്നുകളയുന്നു. ദൈവത്തിന്റെ മുന്നറിയിപ്പുകളും വാഗ്ദാനങ്ങളും ഓരോരുത്തരും തിരിച്ചറിയണം.

ഭൗതികമായി കാണുന്നവയെ ഇഷ്ടപ്പെടുകയും അതിനായി പ്രവർത്തിക്കുകയും ചെയ്യുക എന്നത് മനുഷ്യരുടെ ഒരു ശീലമാണ്. ആത്മാവായ ദൈവവുമായുള്ള നമ്മുടെ ബന്ധം സൂക്ഷിക്കുവാനാണ് സർവ്വശക്തനായ ദൈവം അരുളിച്ചെയ്തിരിക്കുന്നത്. ദൈവിക പരിജ്ഞാനത്തിൽ വേണം നാം ദൈവത്തെ മനസിലാക്കുവാൻ. കാരണം മനുഷ്യരുടെ ജ്ഞാനവും ദൈവത്തിന്റെ ജ്ഞാനവും വ്യത്യസ്ഥമാണ്. കൂടാതെ സത്യത്തെ സ്നേഹിച്ചുകൈക്കൊള്ളുവാനും അവൻ ആവശ്യപ്പെട്ടിരിക്കുന്നു. ഇവ രണ്ടും മനുഷ്യർ അവഗണിച്ചിരിക്കുന്നതിനാലാണ് ആളുകൾ വിവിധ പ്രശ്നങ്ങളിൽ അലയുന്നത്. എക്കാലത്തെയും മനുഷ്യരുടെ മുഖ്യമായ പ്രശ്നം നിയമ ലംഘനമാണ്. ദൈവിക നിയമത്തെ ധിക്കരിക്കുന്ന ഏതൊരാൾക്കും അതിന്റെ പരിണിത ഫലം അനുഭവിക്കേണ്ടിവരും എന്നത് പരമാർത്ഥമാണ്.

നമുക്ക് ശ്വസിക്കുവാനും ജീവിക്കുവാനും പ്രാപ്തി നൽകിയ ദൈവത്തെ പ്രസാദിപ്പിക്കുവാനാണ് ഓരോരുത്തരും ശ്രമിക്കേണ്ടത്. അതിനു പകരമായി മറ്റെന്തു നേട്ടം കൈവരിക്കുന്നു എന്നു തോന്നിയാലും അത് വ്യർത്ഥമാണ്. ശരിയായ വിശ്വാസം ദൈവത്തിലും അവന്റെ അരുളപ്പാടിലും ഉണ്ടാകുമ്പോൾ, ഏതൊരാളുടേയും ചിന്തക്ക് വ്യത്യാസം ഉണ്ടാകും. അങ്ങനെ ആയാൽ പാപത്തിൽനിന്നു വിട്ടു തിരിഞ്ഞ് മനസ് പുതുക്കും. പിന്നീട് യേശു ദൈവപുത്രനാണെന്ന് ഏറ്റു പറയുകയും പാപമോചനത്തിനായി ക്രിസ്തു കൽപിച്ച സ്നാനം ഏൽക്കുകയും ചെയ്യും. മാനുഷികമായ ഉപദേശങ്ങൾ അനുസരിച്ചിട്ട് അത് ദൈവപദ്ധതിയാണെന്ന് ന്യായീകരിക്കുവാൻ ശ്രമിക്കരുത്. കാരണം ദൈവം ആണ് പരമാധികാരി, അവന്റെ ന്യായാസനത്തിനു മുൻപാകെ സകല മനുഷ്യരും നിൽക്കേണ്ടതാണ്. അതിനാൽ വചനപ്രകാരം വിശ്വസ്തമായ ക്രിസ്തീയ ജീവിതം നയിച്ചാൽ നിത്യജീവൻ നൽകാമെന്നാണ് വാഗ്ദാനം.

✶

# പുതിയ ആരംഭങ്ങൾ

## *J.C.* ചോട്ട്

വർഷാരംഭം, എന്തിന്റെയെങ്കിലും തുടക്കം ഒട്ടുമിക്ക പേർക്കും ആവേശം ഉണർത്തുന്നവയാണ്. കഴിഞ്ഞ കാല ജീവിതത്തിൽ നിന്നും വ്യത്യാസം ജനിക്കുന്നതോ, അല്ലെങ്കിൽ ഒരു പുതുമയുള്ള പ്രതിഫലനം ഉൾക്കൊള്ളുന്നതോ ആകാം. പുറകോട്ട് ഒരെത്തിനോട്ടത്തിനു അതു കാരണവുമായേക്കാം. ചെയ്യേണമെന്നു ചിന്തിച്ച പല കാര്യങ്ങളും ചെയ്യാൻ കഴിയാതിരുന്നതും വിചാരിക്കാത്ത പലതും സംഭവിച്ചതും ചിന്തയിലൂടെ കടന്നു വരും. എന്നാൽ കഴിഞ്ഞതെല്ലാം കഴിഞ്ഞു. ഇനി അങ്ങനെ സംഭവിച്ചു കൂടാ; പരാജയത്തിനു പകരം വിജയത്തെ മുൻ കണ്ടുകൊണ്ട് ശാരീരികമായും മാനസികമായും വെല്ലു വിളികളെ നേരിടുവാൻ തക്ക ചിത്രം മെനയും. അവരുടെ ജീവിതത്തിൽ ഇനി ഒരു വഴിത്തിരിവിന്റെ വർഷമായിരിക്കും എന്നു പോലും അവർ അവകാശപ്പെടും. ശുഭപ്രതീക്ഷയുമായി അവരും നമ്മളും പുതുവർഷത്തെ അഭിമുഖീകരിക്കുന്നു.

ജീവിതത്തിൽ സ്വയമായി മാറ്റങ്ങൾ വരുത്തി ഓരോന്നും തുടക്കം കുറിക്കുവാൻ ആണ് അധികം പേരും ശ്രമിക്കുന്നതു. കഴിഞ്ഞ കാലയളവിൽ നേരിട്ട ബലഹീനതകളും പരാജയങ്ങളും ഉണ്ടായെങ്കിൽ പോലും അവർക്കു തോന്നുന്നതു അവർ വിജയിക്കുവാൻ ശക്തരാണ് എന്നാണ്. അവർ വീണ്ടും പരാജയത്തിലേക്കു തന്നെ നീങ്ങുന്നു: ഒരു പുതിയ തുടക്കത്തെ കുറിച്ച് നിങ്ങൾ ഗൗരവമായി ചിന്തിക്കുകയാണെങ്കിൽ പ്രായോഗികമായി നൂറു ശതമാനം വിജയത്തിലെത്താൻ ഞാനൊരു മാർഗ്ഗം നിർദ്ദേശിക്കാം. സംശയാലു ആയിരിക്കാതെ, നിങ്ങൾ പരിശ്രമിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നതിനു മുൻപ് മനസിരുത്തി കേൾക്കുക.

നിങ്ങളും ഞാനും മറ്റെന്തിനേക്കാളും ഉപരിയായി നമ്മുടെ ഭൂതകാലത്തെ തുടച്ചു മാറ്റി, ചെയ്ത എല്ലാ തിന്മകളേയും മറന്നുകളഞ്ഞു, പരാജയങ്ങൾ എല്ലാം എഴുതിത്തള്ളി നമ്മുടെ പാപങ്ങൾക്ക് എല്ലാം ക്ഷമാപണം നേടണം. പക്ഷെ ഇതെല്ലാം ചെയ്വാൻ ചില സഹായം ആവശ്യമാണ്. ആ ഒരു സഹായത്തിനായി നാം ആരെയാണ് സമീപിക്കേണ്ടതു? ഹൃദയത്തിനു ആഘാതം കൊടുക്കരു

തു. നിങ്ങളുടെ ജീവിതത്തിനു പുതിയ ഒരു മാറ്റം വരുത്തുവാൻ വാസ്തവമായി നിങ്ങൾ യേശുക്രിസ്തുവിനെ സമീപിക്കണം. വ്യത്യാസം വരുത്തുവാൻ മറ്റാർക്കും സാദ്ധ്യമല്ല. യഥാർത്ഥ വഴി കണ്ടെത്തുവാൻ അവൻ നമുക്കു ഉറ്റ സഖി തന്നെയാണ്. അതിൽ നിന്നും അല്പം കുറഞ്ഞാൽ വിജയം നിശ്ചയമല്ലാതാകും.

പത്രൊസിന്റെ ലേഖനത്തിൽ വിവരിച്ചിരിക്കുന്ന ലിഖിതങ്ങൾ പരിഗണിക്കേണ്ടതു തന്നെ. യേശുക്രിസ്തു പാപം ഒന്നും ചെയ്തില്ല. അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിട്ടില്ല. തന്നെ ശകാരിച്ചിട്ട് പകരം ശകാരിക്കാതെ, അവരുടെ ഭീഷണത്തിങ്കൽ ഭയപ്പെടാതെ ന്യായമായി വിധിക്കുന്നവനിൽ തന്നെത്താൻ ഏല്പിച്ചുകൊടുത്തു. നമ്മുടെ പാപങ്ങളെ അവന്റെ ശരീരത്തിൽ വഹിച്ചുകൊണ്ട് മരത്തിൽ മരിക്കയാണു ചെയ്തതു. പാപ സംബന്ധമായി നാം മരിച്ച് നീതി സംബന്ധമായി ജീവിക്കേണ്ടതിനും നാം അവന്റെ അടിപ്പിണരുകളാൽ സൗഖ്യം പ്രാപിക്കേണ്ടതിനു ആയിരുന്നു അതു. കൂടാതെ നാം പിൻപറ്റേണ്ടതിനു ഒരു മാതൃകയായി കണക്കിലെടുക്കാനും പറഞ്ഞിട്ടുണ്ട് (1 പത്രൊസ് 2:21-24).

നാം ബലഹീനരും അശക്തരും ആയിരുന്നപ്പോൾ ക്രിസ്തു അഭക്തർക്കു വേണ്ടി മരിച്ചു. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യ ജീവൻ പ്രാപിക്കേണ്ടതിനു ദൈവം ലോകത്തെ സ്നേഹിച്ചു. അവനെ ലോകത്തിലേക്ക് അയച്ചതു ലോകത്തെ വിധിപ്പാനല്ല; ലോകം അവനാൽ രക്ഷ പ്രാപിക്കേണ്ടതിനു തന്നെ (യോഹന്നാൻ 3:16,17). ആകൃത്യങ്ങളുടെ കറ നമ്മിൽ കിടക്കുന്നതു കഴുകി കളയാതെ ദൈവത്തിനു നമ്മോടു ഇടപെടുവാൻ കഴികയില്ല. അതുകൊണ്ട് നാം ചെയ്ത തെറ്റുകൾ മായ്ച്ചു കളയുവാൻ ഒരു തികഞ്ഞ യാഗം വേണ്ടി വന്നു. നമുക്കു വേണ്ടി ദൈവം ചെയ്ത പ്രവൃത്തികൾ നമ്മിൽ എങ്ങനെ ഫലവത്താകും? അല്ലെങ്കിൽ നഷ്ടപ്പെട്ട അവസ്ഥയിൽ നിന്നു നമ്മെ മോചിപ്പിക്കുവാൻ ദൈവം ഒരുക്കിയ വഴി നമുക്കു പ്രയോജനപ്പെടുന്നതെങ്ങനെ? നാം അവനിൽ വിശ്വസിച്ച് അവനെ അനുസരിക്കുമ്പോൾ ദൈവം നമ്മെ രക്ഷിക്കും. രക്ഷകനായ ക്രിസ്തുവിന്റെ രക്ഷാ പദ്ധതിയെ നാം ഹൃദയപൂർവ്വം അംഗീകരിക്കണമെന്നർത്ഥം.

ദൈവപുത്രനായിരുന്നു വെങ്കിലും കഷ്ടാനുഭവങ്ങളാൽ അനു

സരണം പഠിച്ച് തികഞ്ഞവനാകയാൽ തന്നെ അനുസരിക്കുന്ന ഏവർക്കും അവൻ നിത്യ രക്ഷയുടെ കാരണ ദൂതനായി തീർന്നു (എബ്രായർ 5:8-9). വിശ്വസിക്കുകയും സ്നാനമേല്ക്കുകയും ചെയ്യുന്നവൻ രക്ഷ പ്രാപിക്കുമെന്നു ക്രിസ്തു പറഞ്ഞിരിക്കുമ്പോൾ ഓരോരുത്തരുടേയും വ്യക്തിപരമായ ഉത്തരവാദിത്വം സ്പഷ്ടമാണ്. വിശ്വസിച്ച ഒരു കൂട്ടം ആളുകളോടു പത്രോസ് പറഞ്ഞതു, നിങ്ങൾ ഓരോരുത്തൻ മാനസാന്തരപ്പെട്ട് പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേൽപിൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും (പ്രവൃത്തി 2:38) എന്നാണ്. ക്രിസ്തുവിന്റെ വചനം സന്തോഷത്തോടെ കൈക്കൊണ്ടവർ സ്നാനം ഏറ്റു എന്നും അന്നു മൂവായിരം പേർ അവരോടുകൂടെ ചേർന്നു എന്നും രേഖകൾ സൂചിപ്പിക്കുന്നു. രക്ഷിക്കപ്പെടുന്നവരെ കർത്താവ് ദിനമ്പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു. അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേൾക്കയും കൂട്ടായ്മ ആചരിക്കയും ഉല്ലാസവും ഹൃദയ പരമാർത്ഥതയും അനുഭവിക്കയും ചെയ്തു. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ അവരുടെ ജീവിതത്തിൽ ഒരു പുതിയ മാറ്റം ഉണ്ടായി.

നിങ്ങൾ ഒരു ക്രിസ്ത്യാനിയായി തീർന്ന വ്യക്തിയാണെങ്കിൽ നിങ്ങളും ഒരു പുതുക്കത്തിനായി നോക്കിയിരിക്കയാവും. നാം ക്രിസ്തുവിലായി തീർന്നപ്പോൾ പുതിയ സൃഷ്ടികളായി തീർന്നു. എന്നാൽ കുറേ കഴിഞ്ഞപ്പോൾ നാം കർത്താവിന്റെ എല്ലാ കല്പനകളും ശരിയായി പ്രമാണിക്കാൻ കൂട്ടാക്കാതെ വന്നേക്കാം. അതായതു കർത്താവു നമുക്കു നല്കിയ സ്വാതന്ത്ര്യം നാം മുതലെടുത്തു എന്നു വ്യക്തം. അതു ക്രിസ്തുവിന്റെ തെറ്റല്ല; മറിച്ച് നമ്മുടെ തെറ്റാണ്. എന്നാൽ ഈ സമയത്തു നമ്മുടെ അവസ്ഥ എന്തായാലും നമ്മുടെ പാപം എന്തു തന്നെയായാലും ദൈവമക്കൾ എന്ന നിലക്കു ക്ഷമായാചനം സാദ്ധ്യമാണ്. തുടർന്നും പുതിയ ജീവിതത്തിലേക്കു പ്രവേശിക്കാവുന്നതാണ്. നമ്മുടെ പാപങ്ങൾ നാം ഏറ്റു പറയുന്നുവെങ്കിൽ അവൻ സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കും. ക്രിസ്തു വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാമും വെളിച്ചത്തിൽ വസിച്ചാൽ നമുക്കു തമ്മിൽ തമ്മിൽ കൂട്ടായ്മ ഉണ്ട്. അങ്ങനെയായാൽ ക്രിസ്തുവിന്റെ രക്തം സകല പാപങ്ങളേയും പോക്കി നമ്മെ ശുദ്ധീകരിക്കും (1 യോഹന്നാൻ 1:7 9).

മോശമായി എല്ലാ കാര്യങ്ങളേയും നമ്മിൽ നിന്നു ഓടിച്ച്, നമ്മെ താഴ്ത്തി കളയുന്ന, പുറകോട്ടു പിടിച്ചു വലിക്കുന്ന, മുൻപോട്ടു പോകുവാൻ തടസപ്പെടുത്തുന്ന എല്ലാം നീക്കം ചെയ്താൽ നമ്മെ ശക്തീകരിക്കുന്ന ക്രിസ്തു മുഖാന്തരം നാം സകലത്തിനും ശക്തരായി തീരുന്നു (ഫിലിപ്പിയർ 4:13). ഇപ്പോൾ എന്ത്? നാം അത്ഭുതങ്ങൾ ഒന്നും പ്രതീക്ഷിക്കുന്നില്ലെങ്കിലും നമ്മുടെ വ്യാപാരവും തൊഴിലും മറ്റെല്ലാം തന്നെ നമ്മുടെ സങ്കല്പത്തിനപ്പുറമായി വിജയിക്കുന്ന ശുഭാപ്തി നമുക്കു അനുഭവിക്കുവാൻ കഴിയും. ഒരാൾ തന്റെ ജീവിതം മാറ്റി വരുമ്പോൾ തന്നെത്താൻ കർത്താധി കർത്താവിനു സമർപ്പിക്കുന്നതുകൊണ്ടു കർത്താവ് അവനോടു കൂടെ ഉണ്ടാകുമെന്ന വാഗ്ദാനം അവനെ ബലപ്പെടുത്തുന്നു (മത്തായി 28:20). സകല ആത്മീയ അനുഗ്രഹങ്ങളും ക്രിസ്തുവിൽ നിക്ഷിപ്തമായിരിക്കുന്നതു അയാൾക്കു കിട്ടുകയും; ദൈവത്തെ സ്നേഹിക്കുന്നതുകൊണ്ട് അവന് സകലവും നന്മക്കായി ദൈവം പ്രവർത്തിക്കുകയും ചെയ്യും.

ഇതുപോലെ പൗലൊസ് പറയുകയുണ്ടായി, 'സഹോദരന്മാരേ, പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിനു ആഞ്ഞും കൊണ്ട് ദൈവത്തിന്റെ പരമ വിളിയുടെ വിരുതിനായി ഓടുവിൻ' (ഫിലിപ്പിയർ 1:13,14). കഴിഞ്ഞ കാല സംഭവങ്ങളിലെ നിരാശയെച്ചൊല്ലി വ്യാകുലപ്പെടാതെ ലക്ഷ്യബോധത്തോടു ഭാവിയെ ഓർത്തു ജീവിക്കുക.

ക്രിസ്ത്യാനികളായി മാറുന്നവർ വളരെ കാര്യങ്ങൾ അവരുടെ മനസിനെ തിരിക്കേണ്ടതായിട്ടുണ്ട്. പ്രാധാന്യമുള്ളവയെന്നു നാം കണക്കാക്കിയിരിക്കുന്നവയെ തിരിച്ചറിഞ്ഞു സ്വീകരിക്കണം. എന്തു കിട്ടും എന്ന ചിന്തയേക്കാൾ യേശുവിനും നമ്മുടെ സഹ വിശ്വാസികൾക്കും എന്തു കൊടുപ്പാൻ കഴിയും എന്ന ചിന്താഗതിയിലേക്കു വരണം. നാം ഒരു പേര് ഉണ്ടാക്കി എടുക്കുന്നതിനു പകരം, ജീവനുള്ള ദൈവത്തിന്റെ പുത്രനായി ക്രിസ്തുവിനു പേരും മഹത്വവും കൊടുക്കുവാൻ പഠിക്കണം.

പലരും പുതുമക്കു വേണ്ടി ഉണ്ടാക്കുന്ന മാർഗ്ഗരേഖകൾ എല്ലാം നിഷേധിക്കുന്നവരായി തീരുകയാണ് പിന്നീട്. എന്നാൽ ഒരു ക്രിസ്ത്യാനി വീണ്ടും ജനിച്ച പുതിയ വ്യക്തിയാണ്. പുതിയ ചിന്തയും പുതിയ ജീവിതവുമുള്ള അയാൾ ക്രിസ്തുവിന്റെ പടയാളിയായി മാറും. മനുഷ്യരുടെ ഇടയിൽ അവൻ ദിവ്യജ്യോതിസിനെ പോലെ

പ്രകാശിച്ചു സൽപ്രവൃത്തികളെക്കൊണ്ട് സ്വർഗ്ഗസ്ഥനായ പിതാവിനു മഹത്വം കൊടുക്കും.

✶

# പ്രാർത്ഥനയെ സഹായിക്കുന്നവ

## എസ്. വില്യംസ്

കൂടുതൽ അർത്ഥവത്തായും പലപ്പോഴും ശരിയായും പ്രാർത്ഥിക്കുവാൻ തുടങ്ങുമ്പോൾ ജീവിതത്തിൽ തടസങ്ങൾ ഉണ്ട് എന്ന കാര്യം എടുത്തു പറയണം. പ്രാർത്ഥന ഒരാളുടെ ശേഷിക്കുന്ന ജീവിതത്തിൽ അയാളെ ഏകനായി വിടുന്നില്ല. നമ്മുടെ വിശ്വാസവും പ്രവൃത്തികളും സ്വഭാവങ്ങളും എപ്രകാരം ബന്ധിക്കപ്പെട്ടിരിക്കുന്നുവോ അതിൻ പ്രകാരമായിരിക്കും നമ്മുടെ പ്രാർത്ഥനയും. ദൈവത്തോടുള്ള ധ്യാനനിരതമായ ജീവിതത്തിൽ ഒരാളെ സഹായിക്കുവാനായി എന്താണ് അയാൾ ചെയ്യേണ്ടത്? അല്ലെങ്കിൽ എന്തെല്ലാം ചെയ്താലാണ് ഫലപ്രദമായി ഒരാൾക്കു പ്രാർത്ഥിക്കുവാൻ കഴിയുക?

**1. ധാർമ്മികമായ നല്ലൊരു ജീവിതം.** നല്ല ധാർമ്മിക ജീവിതം നയിക്കുന്ന ഏതൊരാളിന്റേയും പ്രാർത്ഥനയ്ക്കു ദൈവം ചെവി ചായ്ച്ചിരിക്കുന്നു. വിശുദ്ധ ജീവിതം നയിക്കുന്ന വ്യക്തിയുടെ ജീവിതത്തിൽ നിന്നും ഒഴുകുന്ന പ്രാർത്ഥനയിൽ ദൈവം സന്തുഷ്ടി പ്രകടിപ്പിക്കുന്നു (സദൃശവാക്യങ്ങൾ 15:8, 29; 21:13). നമുക്കു പാപത്തിൽ നിന്നും കഴുകപ്പെട്ടാൽ മാത്രമെ ദൈവത്തിന്റെ സമ്മതത്തോടെ അവന്റെ സന്നിധിയിൽ നില്ക്കാൻ കഴിയു (സങ്കീർത്തനം 24:3-4). നാം നല്ല ജീവിതം നയിക്കുവാനായി പരിശ്രമിച്ചു തുടങ്ങുമ്പോൾ നമുക്കറിയാം ദൈവത്തോടുള്ള പ്രാർത്ഥനയിൽ നമുക്കു അധികം അടുക്കാനും കഴിയുമെന്ന്. അല്ലായെങ്കിൽ തടസങ്ങൾ ധാരാളം വരാം.

**2. നിസ്വാർത്ഥമായ സ്വഭാവം.** നിസ്വാർത്ഥമായ സമീപനമാണ് നമുക്കു ദൈവത്തോടുള്ളതെങ്കിൽ നാം നമ്മേക്കാൾ ശ്രേഷ്ഠമായി മറ്റുള്ളവരെ കരുതും. നമ്മുടെ ആവശ്യങ്ങളെക്കാൾ അപരന്റെ ജീവിതാവശ്യങ്ങൾക്കു മുൻഗണന കൊടുക്കും. അപ്പോൾ ദൈവം നമ്മെ നോക്കും നമ്മെ സ്വീകരിക്കയും ചെയ്യും. ശലോമോൻ തന്റെ വ്യക്തിപരമായ ആവശ്യങ്ങളല്ല ദൈവത്തോടു യാചിച്ചതു. തന്റെ ജനത്തെ

ന്യായപാലനം ചെയ്യുവാനുള്ള അറിവും വിവേകവുമാണ് അവൻ ചോദിച്ചതു. തന്റെ ആവശ്യം ദൈവം അംഗീകരിച്ചു കൊടുത്തു. നമ്മുടെ പ്രാർത്ഥന സ്വാർത്ഥരഹിതമായാൽ നമുക്കു തന്നെ ഒരു പ്രത്യേക സന്തോഷം തോന്നും.

3. **അനുസരണ മനോഭാവം.** കർത്താവിന്റെ മാതൃകാ പ്രാർത്ഥനയിൽ അവൻ തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചു. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപോലെ ഭൂമിയിലും ആകേണമേ (മത്തായി 6:10). ദൈവം പറയുന്നതെന്തും ചെയ്യാമെന്നുള്ള തീരുമാനത്തോടെയാണ് നാം പ്രാർത്ഥിക്കേണ്ടതു. അനുസരണ ജീവിതം നയിച്ചു കൊണ്ടിരുന്നാൽ പ്രാർത്ഥനയിൽ ദൈവത്തോടു അടുക്കുവാൻ നമുക്കു വിഷമം ഉണ്ടാകയില്ല (1 യോഹന്നാൻ 3:21, 22).

4. **ബഹുമാനം.** കർത്താവിന്റെ മാതൃകാ പ്രാർത്ഥനയിൽ പഠിപ്പിച്ചതു: "സ്വർഗ്ഗസ്ഥനായ പിതാവേ നിന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ" (മത്തായി 6:9). ദൈവത്തിനു ബഹുമാനവും ആദരവും കൊടുക്കുന്നതു വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഏതു വിധത്തിലായാലും നമുക്ക് അതു കാണിക്കാം. തലകളെ താഴ്ത്തി, കുനിഞ്ഞിരുന്ന്, മുട്ടുകൾ മടക്കി, കൈകൾ കൂപ്പി, നിന്നുകൊണ്ടു എന്നിങ്ങനെ നമ്മുടെ സർവ്വ ശക്തനായ ദൈവത്തെ നമുക്കു ആദരിക്കാം. ദൈവത്തെ സംബോധന ചെയ്യുമ്പോൾ 'അങ്ങ്' "അവിടന്ന്", 'നീ' എന്നെല്ലാം ഉപയോഗിക്കാറുണ്ട്. ദൈവത്തെ തരം താഴ്ത്തുന്ന ഭാഷകൾ നാം ഉപയോഗിക്കരുതു. ഭൗതികമായ നമ്മുടെ പിതാക്കന്മാരോടു നാം സംസാരിക്കുന്നതിനേക്കാൾ ആദരവ് ദൈവത്തിന് കൊടുക്കണം. ദൈവത്തെ നാം വിളിക്കുമ്പോൾ നമ്മുടെ ഹൃദയത്തിൽ ദൈവത്തോടുള്ള അടുപ്പം എത്രയുണ്ട് എന്നു കൂടെ വ്യക്തമാണ്. ദൈവത്തിനു അതു അറിയുകയും ചെയ്യാം.

5. **താഴ്മ.** ദൈവത്തോടു അടുക്കുന്ന ഏവർക്കും ഉണ്ടാകേണ്ട ആവശ്യഗുണമാണ് വിനയം. ദൈവം ദാനിയേലിനോടു പറഞ്ഞതു, "ദാനിയേലേ, ഭയപ്പെടേണ്ടാ; നീ തിരിച്ചറിയേണ്ടതിനും നിന്റെ ദൈവത്തിന്റെ മുമ്പാകെ നിന്നെത്തന്നെ താഴ്ത്തേണ്ടതിനും മനസുവേച്ച ആദ്യദിവസം മുതൽ നിന്റെ വാക്കു കേട്ടിരിക്കുന്നു; നിന്റെ വാക്കു ഹേതുവായി തന്നേ ഞാൻ വന്നിരിക്കുന്നു (ദാനിയേൽ 10:12). നാം ദൈവത്തിന് ഒന്നും കൊടുക്കുന്നില്ല പ്രാർത്ഥനയിൽ. നമ്മെത്തന്നെ താഴ്ത്തി ദൈവ മുൻപാകെ വരുമ്പോൾ ദൈവം നമ്മെ ഉയർത്തും.

**6. ബുദ്ധിയോടെ വേണം.** "ഞാൻ ആത്മാവു കൊണ്ടും ബുദ്ധി കൊണ്ടും പ്രാർത്ഥിക്കും" എന്നു അപ്പൊസ്തലനായിരുന്ന പൗലൊസ് പറഞ്ഞിരിക്കുന്നു (1 കൊരിന്ത്യർ 14:15). ഏതെങ്കിലും പുസ്തകങ്ങളിൽ ആരെങ്കിലും എഴുതിയ ക്രമ പ്രകാരം വാക്കുകളെ ഉരുവിട്ടുകൊണ്ടുള്ള ഒന്നായിരിക്കരുത് നമ്മുടെ പ്രാർത്ഥന. നാം പറയുന്നതു ദൈവം ശ്രദ്ധിക്കണമെന്നുണ്ടെങ്കിൽ ദൈവം പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നാമും ശ്രദ്ധാപൂർവ്വം മനസിലാക്കിയിരിക്കണം. ഒന്നും മനസിലാകാതെയുള്ള പ്രാർത്ഥന അനാവശ്യമാണ്. ദൈവം അതു ആഗ്രഹിക്കുന്നുമില്ല.

**7. നിരന്തരമായി വിശ്വസിക്കുകയും ആശ്രയിക്കയും വേണം.** വിശ്വാസത്തോടുള്ള പ്രാർത്ഥനയ്ക്കു പ്രാധാന്യം കൊടുത്തിരിക്കുന്നതു തിരുവെഴുത്തുകളെ പരിശോധിച്ചാൽ നമുക്കു ഗ്രഹിക്കാം (മത്തായി 21:22). വിശ്വാസത്തിൽ നാം യാചിക്കുമ്പോൾ അതു ശരിയായ അപേക്ഷയായി ദൈവം കണക്കിടുന്നു. നമ്മുടെ ആത്മിയ ജീവിതത്തിനു ഹാനികരമായ യാതൊന്നിന്നും നാം ദൈവത്തോടു ചോദിക്കയില്ലല്ലൊ. അനാവശ്യമായ കാര്യങ്ങളും നാം ദൈവത്തോട് ആവശ്യപ്പെടുകയില്ല. അതിനു വിശ്വാസം ആവശ്യമാണ്. നമ്മുടെ നന്മക്കു ആവശ്യമായതു മാത്രം പ്രാർത്ഥനയിൽ ഉൾപ്പെടുത്താൻ കഴിയണമെങ്കിൽ ദൈവത്തിൽ ആശ്രയിക്കണം.

**8. ആത്മാർത്ഥത.** ദൈവത്തോടുള്ള നമ്മുടെ യാചന നിഷ്കളങ്കമായിരിക്കണം. സ്വാഭാവികവും ആത്മാർത്ഥവുമായ അപേക്ഷയായിരിക്കണം നാം ദൈവത്തോട് അർപ്പിക്കേണ്ടതു. കാപട്യം ദൈവം വെറുക്കുന്ന ഒന്നാണ്. കപടഭക്തി പുലർത്തി ജീവിക്കുന്നവരുടെ പ്രാർത്ഥന ദൈവം കേൾക്കുകയില്ല. യഥാർത്ഥമായി ദൈവത്തെ പ്രസാദിപ്പിക്കുവാൻ താല്പര്യമുള്ളവർ കപട രഹിതമായി ജീവിക്കും. ഒന്നും ഒളിച്ചുവെക്കാതെ തുറന്ന സമീപനത്തോടെ യാചിക്കും എന്നർത്ഥം (മത്തായി 6:5-6; സങ്കീർത്തനം 17:1).

**9. വഴങ്ങൽ.** നമ്മുടെ പ്രാർത്ഥനയുടെ മറുപടി എന്തുതന്നെയായാലും അതു സന്തോഷത്തോടെ സ്വീകരിക്കുവാൻ നമുക്കു കഴിയണം. ദൈവം ചിലപ്പോൾ "അതെ" എന്നും മറ്റു ചിലപ്പോൾ "ഇല്ല" എന്നും ആയിരിക്കും മറുപടി നല്കുന്നതു. അല്ലെങ്കിൽ അല്പം കാത്തിരിക്ക

എന്നായിരിക്കും. നമ്മുടെ പ്രതീക്ഷക്കു വിരുദ്ധമായിട്ടായിരിക്കും ഒരുപക്ഷെ ദൈവം പ്രവർത്തിച്ചതു. എന്നിരുന്നാലും നമ്മുടെ ജീവിതത്തിൽ ദൈവേഷ്ടത്തിനു നാം കീഴ്വഴങ്ങണം. ദാവീദ് അത്തരം മനോഭാവമുള്ളവനായിരുന്നു (2 ശമൂവേൽ 12:19-23). ഗദ്ശെമന തോട്ടത്തിൽ വെച്ച് യേശുവിന്റേയും, തന്റെ ജഡത്തിലെ ശൂലം നീങ്ങിപോകുവാനുള്ള പൗലോസിന്റെയും പ്രാർത്ഥന ഉദാഹരണമാണ്. നമുക്കു മനസിലായില്ലെങ്കിലും ദൈവത്തിന്റെ വഴിയാണ് ഏറ്റവും നല്ലതു.

**10. സ്ഥിര പരിശ്രമം.** നല്ലൊരു പ്രാർത്ഥനാശീലത്തിനു നിരന്തരമായ പ്രയത്നം ആവശ്യമാണ്. പ്രാർത്ഥനക്കായി നാം എത്രമാത്രം അദ്ധ്വാനിക്കുന്നുവോ അത്രമാത്രം പ്രാർത്ഥന നമുക്കു എളുപ്പമായിരിക്കും. ദിനന്തോറുമുള്ള പരിശീലനം കൊണ്ട് പ്രാർത്ഥനാ ജീവിതത്തെ വളർത്താൻ കഴിയും

★

# തുരുമ്പുള്ള ആണികളെ കാന്തം ആകർഷിക്കുന്നില്ല

## എഡ് സെൽ. ബി

തുരുമ്പ് തിന്ന് ആകൃതി പോലും നഷ്ടപ്പെട്ട ഒരു പഴയ ആണിമേൽ എത്ര ശക്തമായ കാന്തം കാണിച്ചാലും അതിന് യാതൊരു പ്രതികരണവും കാണിപ്പാൻ കഴിവില്ല. തിളക്കമുള്ള പുതിയ ആണി കാന്തത്തിലേക്കു പായുന്നത് കണ്ടിരിക്കുമല്ലോ. അത് മറ്റൊന്നിനേയും തുടർന്നു ധാരാളം ആണികളെ ആകർഷിക്കുകയും ചെയ്യുന്നു. അതുപോലെ കറ പിടിച്ച, ശുദ്ധി ചെയ്യാത്ത ക്രിസ്ത്യാനികൾ അവരുടെ ഉദാസീനതയും സ്വാർത്ഥതയും നിമിത്തം മറ്റുള്ളവരെ ആകർഷിക്കാൻ കഴിയുകയില്ല. ക്രിസ്തുവിന്റെ ശക്തി ഇങ്ങനെയുള്ള ആളുകളിൽ കൂടെ പ്രവർത്തിച്ച് ആകർഷിക്കാതെയിരിക്കുമ്പോൾ ലോകത്തുള്ള ആളുകളെ നേടുവാൻ പ്രയാസമാണ്.

ഒരു ഹിന്ദു സ്ത്രീ ക്രിസ്ത്യാനിത്വത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടു. അവളുടെ ഭർത്താവിൽ നിന്നും അവൾക്ക് ക്രൂരമായി പീഢനം ഏല്ക്കേണ്ടിവന്നു. ഇതറിഞ്ഞ അവളുടെ സ്നേഹിത അവളോടു

ചോദിച്ചു, നിന്റെ ഭർത്താവ് കോപിഷ്ടനായി നിന്നോടു മോശമായി പെരുമാറുമ്പോൾ "നീ അദ്ദേഹത്തോടു എങ്ങനെ പ്രതികരിക്കും"? എന്ന്. അതിന് അവൾ: അദ്ദേഹത്തോടു കൂടുതൽ സ്നേഹം പ്രകടിപ്പിച്ച് ആഹാരം നന്നായി പാകം ചെയ്തു, മുറികളെല്ലാം കൂടുതൽ വൃത്തിയാക്കി, സംസാരമെല്ലാം മൃദുലമാക്കി നല്ലൊരു ഭാര്യയും കുട്ടികളുടെ നല്ലൊരു അമ്മയായി ക്രിസ്തീയ സ്വഭാവത്തെ ഞാൻ അദ്ദേഹത്തിന് കാണിച്ചു കൊടുക്കും." ഇതുപോലുള്ള പരിശീലനം നമ്മുടെ എല്ലാവരുടെയും ജീവിതത്തിൽ ഉണ്ടായാൽ ക്രിസ്ത്യാനിത്വത്തിന്റെ മേന്മ ലോകം മുഴുവൻ രുചിക്കും.

മറ്റാരുടേയും ഉപദേശം കേൾക്കുവാൻ തയ്യാറാകാതിരുന്ന അവളുടെ ഭർത്താവ് സുവിശേഷ പ്രസംഗങ്ങളും യോഗങ്ങളും ഒഴിവാക്കിയിരുന്നു. എന്നാൽ തന്റെ ഭാര്യയുടെ സ്വഭാവമാറ്റം അയാളുടെ മനസിനെ ചിന്തിപ്പിച്ചു. തന്റെ സ്വഭാവങ്ങൾക്കും ഒരു നവീകരണം ആവശ്യമാണെന്നു അദ്ദേഹത്തിനു തോന്നി. ഭാര്യ ബൈബിൾ വായിക്കുമ്പോൾ അത് ശ്രദ്ധിച്ചു കിടക്കും. അവൾ പ്രാർത്ഥിക്കുമ്പോൾ അതിന് ചെവി കൊടുക്കും. ഒടുവിൽ അയാൾ സ്വയം തീരുമാനമെടുത്തു. അങ്ങനെ അയാൾ വചന പ്രകാരമുള്ള ഒരു ക്രിസ്ത്യാനിയായി തീർന്നു. അവർ പരസ്പരം സന്തോഷ സമൃദ്ധമായ ആത്മീയ ജീവിതം നയിക്കുന്നു.

ലോകത്തിന് അറിഞ്ഞുകൂടാത്ത ക്രിസ്തുവിനെ മാതൃകയിലൂടെ കാണിച്ചു കൊടുക്കാൻ കഴിയാത്തതാണ് ഇന്നു ക്രിസ്ത്യാനിത്വത്തിന്റെ പരാജയം. യേശുക്രിസ്തുവിന്റെ സ്വഭാവ വിശുദ്ധി ക്രിസ്തുവിനെ അനുകരിക്കുന്നവരിൽ കാണണം. ഇല്ലെങ്കിൽ അവർക്ക് മറ്റുള്ളവരെ ആകർഷിക്കാൻ സാദ്ധ്യമല്ല. അടിസ്ഥാന വിശ്വാസമോ ഏകീകൃത നിയമമോ മതപരമായി ഇല്ലാത്ത എത്രയോ ആളുകൾ നമുക്കു ചുറ്റും ഉണ്ട്. പക്ഷെ അവർ ക്രിസ്തുവിനെ കാണുന്നില്ല. അവന്റെ മാഹാത്മ്യത്തെക്കുറിച്ച് പ്രസംഗിക്കുന്നവരെ കണ്ടിരിക്കാം. അതു കൊണ്ടായില്ലല്ലോ.

വാസ്തവത്തിലുള്ള ക്രിസ്ത്യാനിത്വത്തെ വിശുദ്ധ ബൈബിളിൽ വിവരിച്ചിട്ടുണ്ട്. അത് നാം വായിച്ച് ഗ്രഹിക്കണം. പരിജ്ഞാനമില്ലാതെ പലരും അജ്ഞതയിൽ ജീവിക്കും. നാം വളരണം അത് യേശുവിനെ പോലെ ആയിരിക്കണം (ലൂക്കൊസ് 2:52). നമ്മുടെ വിചാരമെല്ലാം യേശുവിന്റെ ചിന്തയോടു തുല്യമായിരിക്കണം (ഫിലിപ്പിയർ 2:5).

അനുസരണത്തിന്റെ കാര്യത്തിലും നാം യേശുക്രിസ്തുവിനെ പോലെ ആകണം (എബ്രായർ 5:8-9). കൊടുക്കേണ്ടതും യേശു കൊടുത്തതു പോലെയായിരിക്കണം (യോഹന്നാൻ 13:34-35). അവൻ ക്ഷമിച്ചതു പോലെ നാം ക്ഷമിക്കുക (കൊലൊസ്യർ 3:13). പ്രാർത്ഥനയും അവന്റേതിന് തുല്യമായിരിക്കണം (മത്തായി 6:9) തുരുമ്പ് അവനിൽ ഇല്ലാതിരുന്നതുകൊണ്ട് അവൻ മുഖാന്തരം അനേകർ ആകർഷിക്കപ്പെട്ടു. നിങ്ങൾ മുഖാന്തരം മറ്റുള്ളവരെ ക്രിസ്തുവിലേക്ക് ആകർഷിക്കുവാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ?

✶

സ്ത്രീകൾക്കു വേണ്ടി

# മക്കൾ വളരാതിരിക്കുമ്പോൾ

## ബെറ്റി. ബി ചോട്ട്

ഞങ്ങളുടെ സ്നേഹിതരായ ദമ്പതികൾക്ക് ഒരു കുട്ടി ജനിച്ചു. ആരംഭത്തിൽ സാധാരണ ശിശുക്കളെ പോലെ തന്നെ ആയിരുന്നു. എന്നാൽ മാസങ്ങൾ പിന്നിട്ടപ്പോൾ അവരുടെ മനസ്സിൽ ഭയങ്കരമായ ഭീതി നിഴലിട്ടു. കുട്ടി തിരിയുവാനോ മറിയുവാനോ ശ്രമിക്കുന്നില്ല. ആകൃതിയിലും വളർച്ചയിലും ശിശുവിനെ പോലെ തന്നെ ഇരുന്നു. മാതാപിതാക്കളുടെ ഹൃദയം നുറുങ്ങി. അവർ സ്വപ്നം കണ്ടതു പോലെ ആ കുട്ടി വളർന്നു ബലമുള്ള ഒരു യുവാവായി ഒരിക്കലും മാറുകയില്ല എന്നു അവർ വിചാരിച്ചു ലോകത്തിൽ അവൻ ഒരിക്കലും തന്റെ ഉത്തരവാദിത്വം നിറവേറ്റുകയില്ലല്ലൊ എന്നു തോന്നി. ഒരുപക്ഷെ ആ കുഞ്ഞിന്റെ രോഗം അകാല ചരമത്തിലേക്ക് പോലും എത്തിക്കുമെന്നു അവർ കരുതി. ഏതൊരു രക്ഷകർത്താക്കൾക്കും ഇത്തരം സാഹചര്യത്തിൽ ദുഃഖമുണ്ടാകും.

നമുക്കും നമ്മുടെ കുട്ടികൾ ഭൗതികമായി വളർന്നില്ലെങ്കിൽ ദുഃഖമുണ്ടാകും തീർച്ചയാണ്. എന്നാൽ ആത്മിയമായി ആളുകൾ വളരാത്തതിന്റെ കാരണത്തെ കുറിച്ച് ചിന്തിക്കാതിരിക്കുന്ന ഖേദകരമായ വസ്തുത ഒന്നോർത്തു നോക്കു!

“നിങ്ങൾ വീണ്ടും ജനിക്കണമെന്നു” യോഹന്നാൻ 3:3-ൽ പറയുന്നു. ആകയാൽ നാം ഒരോരുത്തരും ദൈവകുടുംബത്തിൽ ശിശു

ക്കളായി ജനിക്കുകയാണ്. പുതിയതും തുടക്കക്കാരുമായ നാം പരാശ്രയത്തോടെ വളരുവാൻ വെമ്പൽ കൊള്ളുന്ന അവസ്ഥയിലാണ് അപ്പോൾ.

ഒരു കുട്ടി എങ്ങനെയാണ് വളരുന്നത്? ആരോഗ്യപ്രദമായ ശരീരത്തിനു, പോഷണവും വ്യായാമവും, സ്നേഹത്തോടുകൂടിയ പരിലാളനയും ആവശ്യമാണ്. ആത്മീയമായി വീണ്ടും ജനിക്കപ്പെട്ട കുട്ടികൾ (വ്യക്തികൾ) രോഗമില്ലാത്തവരായി മാറ്റപ്പെട്ടവരാണ്. യേശുക്രിസ്തുവിന്റെ രക്തത്താൽ കഴുകി വൃത്തിയാക്കപ്പെട്ടവരാണ്. അതുകൊണ്ടു തികവുള്ള ആത്മിയ മനുഷ്യനായിട്ടാണ് നാം രൂപാന്തരപ്പെടുന്നതു. ക്രിസ്തുവിന്റെ സ്നേഹത്തോടുകൂടിയ കഴുകൾ ഒരു വ്യക്തിയെ പുതിയ സൃഷ്ടിയാക്കി മാറ്റുന്നു (വെളിപ്പാട് 1:5).

ദൈവ ഭവനത്തിൽ ജനിക്കപ്പെടുന്ന ശിശുക്കൾക്കു പിതാവിന്റെ സ്നേഹവും വാത്സല്യവും ധാരാളമായി കിട്ടുന്നു. പുതുതായി ജനിക്കുന്ന കുട്ടികളോട് പൊതുവെ മാതാപിതാക്കൾക്കു സ്നേഹം കൂടുതലായിരിക്കും. യോഹന്നാൻ തന്റെ ലേഖനത്തിൽ ദൈവമക്കളോടു ദൈവത്തിനുള്ള സ്നേഹം വ്യക്തമാക്കുന്നുണ്ട്. "യേശു ദൈവ പുത്രൻ എന്നു സ്വീകരിക്കുന്നവനിൽ ദൈവം വസിക്കും. ഇങ്ങനെ ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു. ദൈവം സ്നേഹം തന്നെ; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു; ദൈവം അവനിലും വസിക്കുന്നു" (1 യോഹന്നാൻ 4:15-16).

അതുകൊണ്ടു ഏതൊന്നിലാണ് നമുക്കു കുറവുള്ളതു? പോഷണത്തിലും വ്യായാമത്തിലും. പത്രൊസ് പറഞ്ഞിരിക്കുന്നു, "ഇപ്പോൾ ജനിച്ച ശിശുക്കളെ പോലെ വളരുവാൻ മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ" കലർപ്പില്ലാത്ത വചനം പഠിച്ച് വേണം ശിശുക്കൾ വളരുവാൻ. ദൈവ വചനമാകുന്ന പുതിയ നിയമം അതുപോലെ തന്നെ പഠിക്കുവാൻ കർത്താവിന്റെ ഭവനമാകുന്ന അവന്റെ സഭയിൽ എല്ലായിപ്പോഴും ഉണ്ടാകണം. ഏതൊരു ആത്മീയ ശിശുവിനും അതു ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്.

നിസാരമായ ചില സത്യങ്ങൾ കൂടെ നാം പഠിക്കേണ്ടതുണ്ട്. ദൈവ വചനമെന്ന പാൽ ... ഭൗതികമായി കുട്ടികൾ ആദ്യം പാൽ കുടിച്ച് വളർച്ച പ്രാപിച്ചാലേ അവർക്കു കട്ടിയായ ആഹാര പദാർത്ഥങ്ങൾ കഴിക്കുവാൻ സാധിക്കു. അതുപോലെ ആത്മിയമായി നാം

വളർന്നില്ലെങ്കിൽ ദഹിക്കാൻ പറ്റാത്ത പലതുണ്ട്. തിരുവെഴുത്തിലെ പച്ചക്കറികളും പഴവർഗ്ഗങ്ങളും മാംസങ്ങളുമെല്ലാം ചിലർക്കു ഗ്രഹിക്കാൻ പ്രയാസമുള്ള സത്യങ്ങളായി അവശേഷിക്കാൻ കാരണം അവർ വളരാതിരിക്കുന്നതുകൊണ്ടാണ് "പാൽ കുടിക്കുന്നവൻ എല്ലാം നീതിയുടെ വചനത്തിൽ പരിചയമില്ലാത്തവനത്രെ; അവൻ ശിശുവല്ലൊ. കട്ടിയായുള്ള ആഹാരം നന്മ തിന്മകളെ തിരിച്ചറിവാൻ തഴക്കത്തിൽ അഭ്യസിച്ച ഇന്ദ്രിയങ്ങളുള്ളവരായി പ്രായം തികഞ്ഞവർക്കേ പറ്റുകയുള്ളു (എബ്രായർ 5:13-14).

പക്ഷെ ഈ സത്യമാകുന്ന പാലിനു വേണ്ട യഥാർത്ഥ വിശപ്പ് നമുക്ക് ഇല്ല എന്നു വിചാരിക്കുക. നമ്മുടെ ശരീരത്തിനു എന്തു സംഭവിക്കും? ഞാൻ മുൻപു സൂചിപ്പിച്ച ആ സ്നേഹിതരുടെ കുട്ടിയെ പോലെ നാമും വളരാതിരിക്കും. അങ്ങനെയെങ്കിൽ നിസ്സഹായരായ, ആരോഗ്യമില്ലാത്ത ബലഹീനരായ ആത്മിയ ശിശുക്കളായി തന്നെ നാം അവശേഷിക്കും. അതു നമ്മുടെ പിതാവിനു എത്ര ദുഃഖമുളവാക്കും എന്നു ചിന്തിച്ചു നോക്കു. നാം വളരണമെന്നു ദൈവം ആഗ്രഹിക്കുന്നു.

ശരിയായ വളർച്ചക്കു ഭൗതികമായും ആത്മികമായും വ്യായാമം ആവശ്യമാണ്. ആത്മിയ വ്യായാമം എന്നാൽ പരീക്ഷണങ്ങളും പ്രതിസന്ധികളും തരണം ചെയ്തു കരുത്ത് ആർജ്ജിക്കുക എന്നർത്ഥം. ദൈവഭവനത്തിൽ പ്രവർത്തിച്ചുകൊണ്ടു നാം പഠിച്ച സത്യം മറ്റുള്ളവരെ പഠിപ്പിച്ച് രോഗികളെ ശുശ്രൂഷിക്കുകയും പ്രായം ചെന്നവർക്കു വേണ്ട സഹായം ചെയ്യുകയും മറ്റുള്ളവരുടെ പ്രശ്നങ്ങൾ പരിഹരിച്ച് ആവശ്യങ്ങൾ അറിഞ്ഞ് നിറവേറ്റുകയും വേണം. പ്രശ്നങ്ങൾ നേരിടുമ്പോൾ ദൈവത്തിൽ ആശ്രയിച്ച് വേണം അതിനെ അതിജീവിക്കുവാൻ.

എന്നാൽ നാം ആത്മിയമായി അഭ്യാസം നടത്തിയില്ലെന്നു വിചാരിക്കുക. നമ്മുടെ ആത്മിയ ശരീരത്തിനു എന്തു സംഭവിക്കും? നമ്മുടെ ആത്മിയ പേശികളെ നാം വളർത്തുകയോ ശക്തിപ്രാപിക്കയോ ചെയ്യുകയില്ല. നാം ഒരിക്കലും ഒരു ദൈവ പൈതലായി സ്വയമായി എഴുന്നേൽക്കുകയോ നടക്കുകയോ ചെയ്യാതിരിക്കും.

പോഷണ കുറവിന്റെയും വ്യായാമ കുറവിന്റെയും ഫലമായി ആത്മിയമായി അകാല മൃത്യു കൈവരിക്കേണ്ടിവരും.

ജനിക്കുമ്പോൾ ആരോഗ്യദൃഢഗാത്രരും ശക്തരുമായ ദൈവ

ത്തിന്റെ മക്കൾ ഒരിക്കലും വളരാത്തതു കാണുമ്പോൾ എത്ര ദുഃഖമുണ്ടാകും; ദൈവം അതു കണ്ടു എത്രമാത്രം വിഷമിക്കും! അവരുടെ ജീവന് ആധാരമായ ഭക്ഷണം ഒന്നും കഴിക്കാതെ അവർ അവസാനം മരിക്കുന്നതു കാണുമ്പോൾ ദൈവ മനസിൽ വേദനയില്ലേ?

മാർത്താ, മറിയ എന്നീ രണ്ടു സ്ത്രീകളെ കുറിച്ച് നാം ബൈബിളിൽ വായിക്കുന്നു. "പിന്നെ അവർ യാത്ര പോകയിൽ അവൻ ഒരു ഗ്രാമത്തിൽ എത്തി; മാർത്ത എന്നു പേരുള്ള ഒരു സ്ത്രീ അവനെ വീട്ടിൽ കൈക്കൊണ്ടു." "അവൾക്കു മറിയ എന്നൊരു സഹോദരി ഉണ്ടായിരുന്നു. അവൾ കർത്താവിന്റെ കാൽക്കൽ ഇരുന്നു അവന്റെ വചനം കേട്ടുകൊണ്ടിരുന്നു."

നിങ്ങൾ ദൈവേഷ്ട പ്രകാരം വളരുന്നുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ പ്രതിവിധി ചെയ്യണം. ദൈവത്തെ നിങ്ങൾ ദുഃഖിപ്പിക്കരുത്.

✶

## നരകം ഒരു യാഥാർത്ഥ്യമോ?

### ഡില്ലാർഡ് തമാൻ

വഴങ്ങാത്തതും ദൈവ വചനത്തിൽ കൂട്ട് ചേർക്കുന്നതുമായ സ്വഭാവം യെഹോയാക്കീമിനു മാത്രമല്ലായിരുന്നു ഉണ്ടായിരുന്നതു. വേദ പുസ്തകത്തിൽ തങ്ങൾക്കു അനിഷ്ടമെന്നു തോന്നിയ ഭാഗങ്ങൾ അവർ നീക്കം ചെയ്തിരുന്നു. നഷ്ടപ്പെടുന്ന ആത്മാക്കൾക്കു നിത്യ നാശം അല്ലെങ്കിൽ നരകം ഉണ്ടെന്നുള്ള വസ്തുതയും ഇതിൽ ഉൾപ്പെടുന്നു. അനുസരണത്തേയും നീതിയേയും ദൈവം പഠിപ്പിച്ചിരിക്കുന്നതിനോടു യോജിക്കുന്നതിനു പകരം അവരുടെ പാപേച്ഛകൾക്കു അനുയോജ്യമായ രീതിയിൽ ജീവിക്കേണ്ടതിനു അവർ താല്പര്യപ്പെടുന്നു. നിത്യശിക്ഷയെ കുറിച്ചു ദൈവം നല്കിയിട്ടുള്ള മുന്നറിയിപ്പുകളെ ഏതാനും പേർ തള്ളിക്കളയുകയോ ഉപേക്ഷിക്കുകയോ ചെയ്യുന്നു. 1932-ൽ ഒരു മത സംഘടന തങ്ങളുടെ സുവിശേഷയോഗത്തിൽ "നരകം ഉണ്ടോ ഇല്ലയോ എന്നു വോട്ടിലൂടെ കണ്ടെത്താൻ നോക്കി. ഭൂരിഭാഗവും "നരകം ഇല്ല" എന്നു രേഖപ്പെടുത്തി. അങ്ങനെ അവർ അതു പാസാക്കിയെടുത്തു. ദൈവ വചനത്തെ അവർ ദുർബ്ബലമാക്കി.

കുറ്റവാളികൾ ശിക്ഷിക്കപ്പെടാതിരിക്കയും നിരപരാധികൾ ശിക്ഷി

ക്കപ്പെടുകയും ചെയ്യുന്ന സമ്പ്രദായങ്ങളാണ് ഇന്നു കോടതിയിൽ നാം കാണുന്നതു. തെറ്റുകൾ വർദ്ധിക്കുവാൻ ഒരു കാരണം ഇതാണെന്നു പറയാം. നിയമത്തെ ലംഘിക്കുന്നവർക്കു തക്കതായ ശിക്ഷ കൊടുക്കണം എന്ന പൊതുവായ നിയമം ഇന്നു ഏതു രാജ്യത്തിലാണ് ഇല്ലാത്തത്? നിയമ പാലകർ നീതിക്കു വേണ്ടി നില കൊള്ളണം. ഭരണം ശക്തമല്ലാതെ വരുമ്പോൾ അനീതി തലപൊക്കി നില്ക്കും. നിയമത്തെ മലിനപ്പെടുത്തുന്നവരെ ശിക്ഷിക്കണമെന്നാണ് നീതി ആവശ്യപ്പെടുന്നതു.

സ്നേഹത്തെക്കുറിച്ച് പ്രസംഗിക്കുന്നതിനേക്കാൾ എന്തെളുപ്പമാണ് വെറുക്കുവാൻ. വെറുപ്പിനേക്കാൾ സ്നേഹത്തെ പറ്റി പറയുവാൻ എളുപ്പമാണ്. ശിക്ഷയേക്കാൾ പ്രതിഫലത്തെ സംബന്ധിച്ചു പ്രസംഗിക്കുവാൻ എളുപ്പം; അതു കേൾക്കുവാനും ആളുകൾ ഇഷ്ടപ്പെടുന്നു. അതുപോലെ ദൈവത്തിന്റെ കരുണയെക്കുറിച്ചു വാചാലമായി പ്രസംഗിക്കാം. പക്ഷേ പ്രതികാരത്തെയോ തീക്ഷ്ണതയെ കുറിച്ചോ? സ്വർഗ്ഗത്തെയും സ്വർഗ്ഗീയ മേന്മയെയും എടുത്തുകാണിക്കുവാൻ പലർക്കും കഴിയും. അതേ സമയം നരകത്തെ തൊടാതെ വിട്ടു കളയും. എന്നാൽ ഒരു യഥാർത്ഥ ദൈവ ദാസൻ "ദൈവത്തിന്റെ ആലോചനയെ ഒട്ടും മറെച്ചു വെക്കരുതു" എല്ലാം വെളിപ്പെടുത്തി കൊടുക്കണം എന്നർത്ഥം (പ്രവൃത്തി 20:27). ദൈവം സ്നേഹമാകുന്നു (1 യോഹന്നാൻ 4:8). പക്ഷെ അവൻ ദഹിപ്പിക്കുന്ന അഗ്നിയുമാണ് (എബ്രായർ 12:29). ദൈവത്തിന്റെ സ്വഭാവം നാം പൂർണ്ണമായി അറിഞ്ഞിരിക്കണം.

**സാർവ്വദേശീയമായി വിശ്വസിക്കപ്പെടുന്ന നരകം!**

തിന്മക്കുള്ള ദൈവീക ശിക്ഷ എന്ന ആശയത്തെ തള്ളിക്കളയുന്നതു ന്യൂനപക്ഷം മാത്രം. നീതിപൂർവ്വമായ ജീവിതത്തിനു പ്രതിഫലം നല്കുന്നതിനു വിപരീതമായി ദുഷ്ടത പ്രവർത്തിക്കുന്നവർക്കു അതിനുള്ള ഫലം കൊടുക്കണമല്ലോ. ജീവിത സ്വഭാവ രൂപീകരണത്തിനു പ്രതിഫലവും ശിക്ഷയും വേണം "വഞ്ചനപ്പെടാതിരിപ്പിൻ; ദൈവത്തെ പരിഹസിച്ചുകൂടാ; മനുഷ്യൻ വിതെക്കുന്നതു തന്നെ കൊയ്യും. ജഡത്തിൽ വിതെക്കുന്നവൻ ജഡത്തിൽ നിന്നു നാശം കൊയ്യും; ആത്മാവിൽ വിതെക്കുന്നവൻ ആത്മാവിൽ നിന്നു നിത്യജീവനെ കൊയ്യും" (ഗലാത്യർ 6:7-8). മനഃപൂർവ്വമായി ദൈവത്തിൽ നിന്നകന്നു മനം തഴമ്പിച്ചു പോകുന്നവർക്കു ഭയങ്കരമായ ശിക്ഷ

അനുഭവിക്കേണ്ടി വരും. "എന്നാൽ നിന്റെ കാഠിന്യത്താലും അനുതാപമില്ലാത്ത ഹൃദയത്താലും നീ ദൈവത്തിന്റെ നീതിയുള്ള വിധി വെളിപ്പെടുന്ന 'കോപദിവസത്തേക്കു നിനക്കു തന്നെ കോപം ചരതിച്ചു വെക്കുന്നു. അവൻ ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്ക പകരം ചെയ്യും (റോമർ 2:5-6). ദൈവത്തിന്റെ പ്രകൃതിനിയമങ്ങളെ ലംഘിക്കുന്നവർ അതിന്റെ ഫലം അനുഭവിക്കുന്നത് കാണാം. അപ്പോൾ പിന്നെ ആത്മിയമായി കല്പനകൾ നിഷേധിക്കുന്നവരെ വെറുതെ വിടുമോ? ഏതൊരു പ്രവൃത്തിക്കും അതിന്റേതായ രണ്ട് വശങ്ങൾ ഉണ്ടെന്നു ആരും സമ്മതിക്കും. ഈ കാര്യത്തിലും മറിച്ചൊരു ചിന്ത നമുക്ക് ഉണ്ടാകാൻ പാടില്ല.

**നീതിയും ശരിയും ശിക്ഷ ആവശ്യപ്പെടുന്നു.**

ഏതൊരു നിയമത്തിന്റേയും സ്ഥിതീകരണം അനുസരിക്കാതിരിക്കുന്നവർക്കുള്ള ശിക്ഷ കൂടെ ഉൾപ്പെടുത്തി കൊണ്ടാണ് നടപ്പിൽ വരുത്തുന്നത്. നിയമത്തെ ലംഘിക്കുന്നവൻ പിഴ കൊടുക്കണം അല്ലെങ്കിൽ നിയമം പരാജയപ്പെടുമല്ലൊ. ന്യായപ്രമാണമോ നീതിമാന്നല്ല, അധർമ്മികൾ, അഭക്തർ, അനുസരണം കെട്ടവർ, പാപികൾ, അശുദ്ധർ, ബാഹ്യന്മാർ, പിതൃഹന്താക്കൾ, മാതൃ ഹന്താക്കൾ, കുലപാതകർ, ദുർന്നടപ്പുകാർ, പുരുഷ മൈഥുനക്കാർ, നരമോഷ്ടാക്കൾ, ഭോഷ്ക്കു പറയുന്നവർ, കള്ളസത്യം ചെയ്യുന്നവർ എന്നീവകക്കാർക്കും പത്ഥ്യോപദേശത്തിന്നു വിപരീതമായ മറ്റു പലതിനും അത്രേ വെച്ചിരിക്കുന്നത് എന്നു ഗ്രഹിച്ചു കൊണ്ടു അതിനെ ന്യായോചിതമായി ഉപയോഗിച്ചാൽ ന്യായപ്രമാണം നല്ലതു തന്നേ എന്നു നാം അറിയുന്നു (1 തിമൊഥെയോസ് 1:8-10) നിയമം നീതിമാനെ വലയ്ക്കുന്നതിനല്ല; ദുഷ്ടന്റെ പ്രവൃത്തിയെ തടയുന്നതിന് വേണ്ടിയാണ്.

**ബൈബിൾ നരകത്തെ വ്യക്തമാക്കുന്നു.**

അകൃത്യത്തിനെതിരായി ദൈവത്തിന്റെ കോപവും ക്രോധവും എടുത്തു കാണിക്കുന്നുണ്ട്. ദുഷ്ടനു പ്രതികാരം നല്കുന്ന വ്യവസ്ഥ തെറ്റാണെന്നു സമ്മതിക്കാൻ സാദ്ധ്യമല്ല. സ്വർഗ്ഗത്തെ കുറിച്ച് പ്രതിപാദിച്ചിരിക്കുന്ന അതേ ഗൗരവത്തിലും ഭാഷയിലും ആണ് നരകത്തെ സൂചിപ്പിച്ചിരിക്കുന്നത്. ദൈവിക കാരുണ്യത്തേയും പ്രതിഫലത്തേയും രേഖപ്പെടുത്തിയിരിക്കുന്ന തിരുവെഴുത്തിൽ ഇതു കൂടെ ഉൾപ്പെടുത്താതിരുന്നാൽ അതു നന്മക്കും തിന്മക്കും തമ്മിൽ വ്യത്യാ

സമില്ലാതാകും. ദുഷ്പ്രവൃത്തിക്കാർക്ക് നിത്യദണ്ഡനം അനുഭവിക്കേണ്ടി വരും എന്നു കർത്താവ് പലപ്പോഴും പ്രസ്താവിച്ചിട്ടുണ്ട്. എന്നിരുന്നാലും ദൈവം സ്നേഹവും കരുതലും പരിഗണനയും ഉള്ളവനാണ്. തെറ്റുചെയ്യുന്നവരെ ശിക്ഷിക്കുന്നത് ഒരിക്കലും ക്രൂരത്വമാകയില്ല. അനുഗ്രഹവും ശിക്ഷയും കാണിച്ചു കൊണ്ടു ദൈവം മുന്നറിയിപ്പുകൾ നല്കിയതു വിശ്വസിക്കാതിരിക്കുന്നവർക്ക് അനുഭവത്തിലൂടെ മാത്രമെ മനസ്സിലാകു.

**നരകം എന്നേക്കുമുള്ളതു.**

സ്വർഗ്ഗമുള്ള കാലത്തോളും നരകവും ഉണ്ടാകും സ്വർഗ്ഗീയമായ വാസം നിത്യമായതു കൊണ്ടു നരകവാസവും നിത്യമാണ്. യേശുക്രിസ്തു പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. പിന്നെ അവൻ ഇടത്തുള്ളവരോട്: ശപിക്കപ്പെട്ടവരേ എന്നെ വിട്ടു പിശാചിന്നും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ. ഇവർ നിത്യ ദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യ ജീവങ്കലേക്കും പോകും (മത്തായി 25:41, 46). പിശാചിനെ അവസാനം എന്തുചെയ്യുമെന്നു യോഹന്നാനുണ്ടായ വെളിപ്പാടിൽ കാണുന്നു. "അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകന്മാരും കിടക്കുന്ന ഗന്ധക തീപ്പൊയ്കയിലേക്കു തള്ളിയിടും.

✶

കഥ

# നീലാകശത്തിന്റെ കണ്ണുനീർ തുള്ളികൾ

## സാമുവേൽ കാലായിൽ

നീലാകാശം കറുത്തു. നീലമേഘങ്ങൾ എങ്ങോ മറയുകയായി. സേതുവിന് ദുഃഖമാണ് തോന്നിയത്. നീലാകാശത്തിന്റെ കണ്ണുനീർ തുള്ളി കണ്ട് തേങ്ങുന്ന നീല മേഘങ്ങൾ പോലെ ജീവിതത്തെ നോക്കി സേതു കരഞ്ഞിട്ടുണ്ട്. അങ്ങ് അകലെ മലനിരകളിൽ നിന്ന് ഒഴുകി എത്തുന്ന കാട്ടാറിന്റെ സംഗീതം കേട്ടിട്ടും നീലാകാശം എന്താണ് ചിരിക്കുവാൻ മറന്നുപോകുന്നത്? സേതുവിനു ദുഃഖം തോന്നി. ഈ കാട്ടാറിന്റെ തീരത്ത്, സേതുവും കുഞ്ഞ് അനുജത്തിയും എന്നും വന്നിരുന്നു. കാട്ടാറിനെ ഇഷ്ടപ്പെട്ടതിനാൽ ആയിരുന്നു എന്നും കാട്ടാറിന്റെ തീരത്ത് വന്നിരുന്നത്. അകലെ

മല നിരകളിൽ നിന്ന് മഞ്ഞ് പെയ്യുന്ന സന്ധ്യകൾ, സായാഹ്നങ്ങൾ അവയെല്ലാം ഒരു ലഹരിയായി തോന്നിയിരുന്നു. അന്ന് ബാല്യമായിരുന്നല്ലോ. ഇന്നു..... എവിടെയോ വച്ച് ജീവിതം തനിക്ക് നഷ്ടമാകുകയായിരുന്നു. ഇന്നു കാട്ടാറിന് ഒരു പുഞ്ചിരി നൽകുവാൻ തനിക്ക് കഴിയില്ല.

ആ സംഭവം, ഇന്നും ഒരു തേങ്ങലായി ഓർമ്മയിൽ സൂക്ഷിക്കുന്നു. ഒരു സന്ധ്യാ വേളയിൽ കുഞ്ഞനുജത്തി, ശ്യാമ ഈ കാട്ടാറിന്റെ തീരത്ത് വീണ് അവസാനമായി ജീവിതത്തോട് തന്നെ വിട പറയുകയായിരുന്നു. ശ്വാമയുടെ നിലവിളി കേട്ട് കാട്ടാർ പോലും കരഞ്ഞുപോയി. പിന്നീട് കാട്ടാറിനെ നോക്കി ചിരിക്കുവാൻ തനിക്ക് കഴിയാതെയായി കാട്ടാറിനെത്തന്നെയും ഞാൻ മറന്നു പോയി.

ഇന്ന്, ഞാൻ വർഷങ്ങൾക്ക് ശേഷം കാട്ടാറിന്റെ തീരത്ത് എത്തി. കാട്ടാറിന് ഒരു മാറ്റവുമില്ല. ഇന്ന് കാട്ടാർ പറയും പോലെ ഞാൻ എന്നെ സൃഷ്ടിച്ച ദൈവത്തിനു വേണ്ടി പാടുന്നു. ഞാൻ തിരിഞ്ഞ് എന്നിലേക്കു നോക്കി. ഞാൻ ആർക്ക് വേണ്ടി പാടും? ഒടുവിൽ ഞാൻ തീരുമാനിച്ചു. ദൈവത്തിന് വേണ്ടി മാത്രം ഞാൻ പാടാം. കാരണം എന്നിൽ ജീവന്റെ പൂക്കൾ വിതറിയത് അങ്ങ് മാത്രം, എന്റെ ആത്മാവിന്റെ രക്ഷ ഒരുക്കിയതു അങ്ങ് മാത്രം.....

കാട്ടാർ എന്നിൽ വിതറുന്ന, തേങ്ങുന്ന ഓർമ്മകളിൽ നിന്ന് അകലുവാനായി ഞാൻ നാട് വിടുകയായിരുന്നു. അന്ന് ഒരു രാവിൽ കാട്ടാറിന്റെ ഓരം ചേർന്നു നടന്നു. അവസാനമായി കാട്ടാറിനോട് യാത്ര പറഞ്ഞപ്പോൾ, ഒരു സ്വരം മാത്രം ചെവിയിൽ വിരുന്നു വന്നു. അനുജത്തി ശ്യാമയുടെ സ്വരം — വസന്തങ്ങൾ ഒത്തിരി പോയല്ലോ — ശിശിരങ്ങൾ മാഞ്ഞും കരഞ്ഞും എന്റെ മുന്നിൽ വന്നു നിന്നു. പക്ഷേ .... ഓർമ്മകൾ..... അവ മരിക്കാതെയിരിക്കട്ടെ.

✶

## കലാകാരനായ സൃഷ്ടാവ്

### രഘുനാഥ്

ഒരു ശില്പിക്ക് അവന്റെ ആഗ്രഹത്തിനൊത്ത് നിരവധി ശില്പങ്ങൾ നിർമ്മിക്കാൻ കഴിയും. അതുപോലെ ഒരു ചിത്രകാരനാകട്ടെ

നിരവധി ചിത്രങ്ങൾ വരക്കുന്നു. ഒന്നാം തരത്തിൽ പഠിക്കുന്ന കൊച്ചു കുട്ടി മുതൽ, നമ്മൾ പല രീതിയിലുള്ള ചിത്രരചന, ശില്പകല എന്നിവ അഭ്യസിക്കുകയും, ഇത്തരം കഴിവുകൾ ചിലർക്ക് ജന്മ വാസനയായി ലഭിക്കുകയും ചെയ്യുന്നു. ഇന്ന്, ആധുനിക ലോക ത്തിൽ കമ്പ്യൂട്ടറിന്റെ സഹായത്താൽ കാര്യങ്ങൾ നടത്താൻ കഴി യുന്ന യുഗത്തിലാണ് മനുഷ്യനിപ്പോൾ. മനുഷ്യൻ ഇത്ര ക്രിയാത്മക മായി പ്രവർത്തിക്കുകയും കാര്യങ്ങൾ നടത്തുകയുമാണെങ്കിൽ നമ്മുടെ സൃഷ്ടാവായ ദൈവം എന്തു മാത്രം കലാബോധമുള്ളവ നായിരിക്കണം. അതുകൊണ്ടായിരിക്കുമല്ലോ ദൈവം ഇത്ര മനോ ഹരമായി ഭൂമി സൃഷ്ടിച്ചത്.

ഉല്പത്തിയെക്കുറിച്ചും, സൃഷ്ടിയെക്കുറിച്ചും പല ഗ്രന്ഥങ്ങ ളിലും പ്രതിപാദിക്കുന്നുണ്ട്. മനുഷ്യൻ പല സാധനങ്ങൾ നിർമ്മി ക്കുന്നു. ചലിക്കുന്നവയും ചലിക്കാത്തവയും. എത്രയെങ്കിലും വലിയ കരിങ്കൽ-സിമന്റ്-പ്രതിമകൾ, കൊച്ചു കളിപ്പാട്ടങ്ങൾ വരെ. കാല യവനികയ്ക്കുള്ളിൽ ലയിച്ചുപോയ പ്രധാന സംഭവങ്ങളുടേയും ഓർമ്മ നിലനിർത്തുന്നതിന് വേണ്ടിയുമാണ് ഇത്തരം പ്രതിമകൾ. ഒരു ഉപജീവന മാർഗം; അതുപോലെ കലാകാരന്റെയോ, ശില്പി യുടേയോ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് വേണ്ടിയുള്ള ഒരു അവ സരം കൂടിയാകുന്നു.

മനുഷ്യനിർമ്മിതമായ ഉപകരണങ്ങൾ ജോലി ചെയ്യുന്നു, സംസാ രിക്കുന്നു, കണക്കുകൂട്ടുന്നു, നടക്കുന്നു, അങ്ങനെ പലതും ചെയ്യു ന്നു. എന്നാൽ മനുഷ്യനെ പോലെ യാതൊരുകാര്യവും ആലോ ചിച്ചു ചെയ്യുവാൻ ഒരു യന്ത്രത്തിനും കഴിവില്ല. ഉണ്ടെങ്കിൽ തന്നെയും അതിനേയും മനുഷ്യൻ നിയന്ത്രിക്കണം. ഇത്തരം യന്ത്രങ്ങൾക്ക് പ്രവർത്തിയ്ക്കാനാവശ്യമായ 'ജീവൻ' മനുഷ്യൻ തന്നെ നിർമ്മിച്ച് അവയ്ക്ക് നല്കണം. വൈദ്യുതിയാണ് അവയുടെ ജീവനാധാരം. അതും കൃത്രിമ ജീവൻ. എന്നാൽ ദൈവമാകുന്ന കലാകാരൻ തന്റെ പ്രതിരൂപം കളിമണ്ണിൽ തീർത്ത് മൂക്കിൽ കൂടി ജീവശ്വാസം ഊതി നൽകിയിട്ടു ആ മനുഷ്യൻ ഇന്നും നിലനിൽക്കുന്നു. കാര്യങ്ങൾ പരസ്പരപൂരകമായി ചിന്തിക്കുന്നു. പല കാര്യങ്ങളിലും സ്വയം തീരു മാനം കൈക്കൊള്ളുന്നു. സ്വയം തീരുമാനങ്ങളെടുക്കുന്നു. അതു പോലെ മറ്റുള്ളവരെ നിയന്ത്രിക്കുകയും, കൂടാതെ പ്രപഞ്ചത്തെ വരെ

നിയന്ത്രിക്കാൻ ഈ കൊച്ചുമനുഷ്യനു കഴിയുന്നു. മനുഷ്യന്റെ ഈ കഴിവിൽ ദൈവം സന്തോഷം കൊള്ളുന്നുണ്ടായിരിക്കാം. പക്ഷെ അവൻ തന്നെ തന്റെ പിതാവിനെ നിന്ദിക്കുന്നു.

ദൈവം, എന്തു സുന്ദരമായ പേര്, ഭൂമിയുണ്ടാക്കിയതിനു ശേഷം ഭൂമിയിൽ ജീവിക്കുന്നതിനായി ഓരോ ജീവിയേയും, സസ്യങ്ങളെയും ദൈവം സൃഷ്ടിച്ചു. അവസാനമായാണ് മനുഷ്യൻ ഭൂമുഖത്ത് പ്രത്യക്ഷനായത്. കലാ ബോധമുള്ള ഒരാളിനേ അതിന്റേതായ രീതിയിൽ ഓരോ വസ്തുവും നിർമ്മിക്കാൻ കഴിയൂ. ചിത്രശലഭങ്ങളെ നോക്കു. എത്ര മനോഹരമായിട്ടാണ് അവയെ ദൈവം അണിയിച്ചൊരുക്കിയിരിക്കുന്നത്. എന്തുകൊണ്ട് ശലഭങ്ങൾക്ക് ദൈവം കൂടുതലായി ഭംഗി നൽകി? ഭംഗി, ഓരോ ജീവിക്കും സൃഷ്ടാവ് കനിഞ്ഞുനൽകിയ ഭാഗ്യമാണ്. പല തരത്തിലുള്ള ജീവികൾക്കും ഈ സൗന്ദര്യം ശത്രുക്കളിൽ നിന്ന് രക്ഷനേടാൻ സഹായിക്കും. സൗന്ദര്യത്തിൽ മുന്നിൽ നിൽക്കുന്ന ശലഭത്തെ തന്നെയെടുക്കാം. നല്ല ഭംഗിയുള്ള ഒരു പൂവിൽ അമർന്നിരുന്നു തേൻ നുകരുന്ന ഒരു ശലഭത്തെ വളരെ വേഗം ആരെങ്കിലും തിരിച്ചറിയുമോ?

മനുഷ്യൻ മനുഷ്യനാൽ നിർമ്മിക്കുന്ന വസ്തുക്കൾക്ക് കൃത്രിമമായി ജീവൻ നൽകുമെങ്കിൽ, ദൈവം തന്റെ സൃഷ്ടികൾക്ക് യഥാർത്ഥ ജീവൻ നല്കും. വളരെ നാളുകൾ കുഞ്ഞുങ്ങളില്ലായിരുന്ന മാതാപിതാക്കൾക്ക് ഒരു കുഞ്ഞു ജനിക്കുന്നു എന്നു കരുതുക. അവർക്ക് എന്തു സന്തോഷമായിരിക്കും. എത്രനാൾ. ദൈവത്തോടു യാചിച്ചിട്ടായിരിക്കാം ഒരു കുഞ്ഞ് അവർക്ക് ലഭിച്ചത്. ആ കുഞ്ഞിന് ചലിക്കാൻ കഴിവുണ്ട്, വളരാൻ ജീവനുണ്ട്. എന്നാൽ ഏതെങ്കിലും ഒരു മനുഷ്യനെക്കൊണ്ട് ഇതുപോലൊന്ന് നിർമ്മിക്കാൻ സാധ്യമല്ല. ആണെങ്കിൽ തന്നെയും അതു വളരുമോ? സ്വയം ചലിക്കുമോ? സംസാരിക്കുമോ? ഇല്ല. ഇതൊന്നും സ്വയം ചെയ്യില്ല.

പിതാവ്, പിതാവിന്റെ മക്കളായ മനുഷ്യർക്കുവേണ്ടി എന്നും നല്ല കാര്യങ്ങൾ മാത്രം ചെയ്യുന്നു. എന്നാൽ മനുഷ്യൻ ആ പിതാവിനെ നിന്ദിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്നു. എന്നാലും ഒരച്ഛനെ മകൻ കുറ്റപ്പെടുത്തിയാൽ അച്ഛൻ ക്ഷമിക്കും. അതുപോലെയാകുന്നു പിതാവാകുന്ന നമ്മുടെ ദൈവവും. അവന്റെ അറിവില്ലായ്മയിൽ വേദിക്കുന്നു. എന്തിനായിരിക്കും അതിസൂക്ഷ്മങ്ങളായ അണുജീവി മുതൽ വലിയ തിമിംഗലങ്ങളെ വരെയുള്ള ജീവികളെ

സൃഷ്ടിച്ചത്? മനുഷ്യന്റെ നിലനില്പ് മുൻകൂട്ടി കണ്ടിട്ടായിരിക്കണം എന്ന് കരുതാം. ഇത്തരം സൂഷ്മ ജീവികളിൽ നിന്ന് എന്തെല്ലാം ഔഷധങ്ങൾ ഉല്പാദിപ്പിക്കുന്നു. അതുപോലെ ഔഷധ സസ്യങ്ങൾ; ഇതെല്ലാം ആ പുണ്യപിതാവിന്റെ മനുഷ്യനുവേണ്ടിയുള്ള ദാനമല്ലേ?

ഒരു അച്ഛൻ തന്റെ ഓമനകുഞ്ഞിനെ എങ്ങനെ പരിപാലിക്കുന്നുവോ അതുപോലെ സൃഷ്ടാവായ ദൈവം ഭൂമുഖത്തുള്ള ഓരോ മനുഷ്യനേയും പരിപാലിക്കുന്നു. കലാകാരനായ പിതാവേ ഞങ്ങളുടെ നമസ്ക്കാരം.

✶

# കർത്തൃ ദിവസം

## സി. ഡിക്സൺ

"കർത്തൃ ദിവസത്തിൽ ഞാൻ ആത്മ വിവശനായി കാഹളത്തിനൊത്ത ഒരു മഹാനാദം എന്റെ പുറകിൽ കേട്ടു...... (വെളിപ്പാട് 1:10). പുതിയ നിയമത്തിൽ ഈ ഭാഗത്ത് മാത്രമാണ് കർത്തൃ ദിവസം എന്ന പ്രയോഗം നാം കാണുന്നത്. മറ്റൊരവസരത്തിൽ "കർത്താവിന്റെ" എന്ന ഉപയോഗം കർത്തൃ മേശയെ വിവരിക്കുമ്പോൾ കാണാം (1 കൊരിന്ത്യർ 11:20). കർത്തൃ ദിവസം എന്നത് യേശുവിനെ സംബന്ധിക്കുന്നത് ചിലത് സൂചിപ്പിക്കുകയാണ്, അവൻ ഉയിർത്തെഴുന്നേറ്റത് ആഴ്ച്ച വട്ടത്തിലെ ഒന്നാം നാളിലാണ് (മർക്കൊസ് 16:9). ത്രോവാസിലുണ്ടായിരുന്ന സഭ കർത്തൃ മേശ ആചരിക്കുവാൻ കൂടി വന്നത് ആഴ്ച വട്ടത്തിന്റെ ഒന്നാം നാളിൽ ആയിരുന്നു (പ്രവൃത്തി 20:7). കർത്താവിന്റെ ദിവസം എന്നത് പൊതുവിൽ ആഴ്ച്ച വട്ടത്തിന്റെ ഒന്നാം ദിവസമായാണ് കണക്കാക്കുന്നത്.

തിരുവെഴുത്തുകളിൽ തന്നെയും ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളിൽ ആദിമ ക്രിസ്ത്യാനികൾ ആരാധന നടത്തിയതായി നാം വായിക്കുന്നുണ്ട്. ആരാധനാ ദിവസം ആഴ്ച്ച വട്ടത്തിന്റെ ഒന്നാം ദിനമായ ഞായറാഴ്ച്ചയായിരുന്നു എന്നു പുതിയ നിയമ ലേഖനങ്ങളും ഉറപ്പിച്ചിട്ടുണ്ട്.

1. ശബ്ബത്തു ആഴ്ച്ചയുടെ ഏഴാം നാൾ ആക കൊണ്ട് കർത്താവിന്റെ ദിവസം ഒരിക്കലും ശബ്ബത്ത് ആകയില്ല (പുറപ്പാട് 20:10). യേശു ക്രൂശിൽ മരിച്ചതോടെ ന്യായപ്രമാണത്തിലെ മറ്റ് അനുഷ്ഠാനങ്ങ

ളോടൊപ്പം ശബ്ബത്തും നീങ്ങിപ്പോയി (കൊലൊസ്യർ 1:14-17). യോഹന്നാൻ യേശുക്രിസ്തുവിന്റെ രാജ്യത്തിലായിരുന്നു (വെളിപ്പാട് 1:9). അവൻ പെളിപ്പാട് പുസ്തകം എഴുതുമ്പോൾ ഒരിക്കലും ന്യായപ്രമാണത്തിൽ ആയിരുന്നില്ല. അതു കൊണ്ട് അവൻ ശബ്ബത്തു അല്ല ആചരിച്ചിരുന്നത്.

2. കർത്തൃ ദിവസം എന്നതു കർത്താവിന്റെ രണ്ടാം വരവുമല്ല. കാരണം അന്നു ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും (2 പത്രൊസ് 3:10-12). എല്ലാ കണ്ണുകളും അവനെ കാണും (വെളി. 1:7). പിന്നെ സമയം കാണുകയില്ല. യോഹന്നാൻ ജീവിച്ചിരുന്നത് ഏതാണ്ട് A.D 95നും 96നും ഇടക്കാണ്. ആ സമയത്താണ് കർത്തൃ ദിവസം ആചരിക്കുന്നതും ഈ പുസ്തകം എഴുതുന്നതും. കർത്താവിന്റെ രണ്ടാം വരവ്, കർത്താവിന്റെ ദിവസം തന്നെയാണ്. പക്ഷെ കർത്തൃ ദിവസവും കർത്താവിന്റെ നാളും തമ്മിലുള്ള വ്യത്യാസം നാം മനസിലാക്കേണ്ടതുണ്ട് (വെളിപ്പാട് 1:10).

3. കർത്തൃ ദിവസം, ആഴ്ച്ചയിലെ മറ്റൊരു ദിവസവുമല്ല, കാരണം മറ്റൊരു ദിവസത്തിനും അത്ര പ്രാധാന്യം കൊടുത്തിട്ടില്ല. താഴെ കാണുന്ന പരിഗണനയിൽ നിന്നും ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാൾ പ്രത്യേക പ്രാധാന്യം അർഹിക്കുന്നു എന്നു കാണാം.

A. യേശുക്രിസ്തു ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാൾ രാവിലെ ഉയിർത്തെഴുന്നേറ്റു (മർക്കൊസ് 16:9).

B. ഈ ദിവസം യേശു അനേകം പ്രാവശ്യം പ്രത്യക്ഷനായിട്ടുണ്ട്. എന്നാൽ അപ്പൊസ്തലന്മാർ മാളിക മുറിയിൽ കൂടിയിരുന്നപ്പോൾ പ്രത്യക്ഷനായത് പ്രത്യേകതയേറുന്നു.

C. ഞായറാഴ്ച്ച വൈകുന്നേരം അവർ വീണ്ടും മാളിക മുറിയിൽ കൂടിയിരുന്നപ്പോൾ ക്രിസ്തു അവരുടെ മുന്നിൽ അവർക്കു പ്രത്യക്ഷനായി തോമാസിനെ അവന്റെ ഉയർപ്പ് വിശ്വസിപ്പിക്കുന്നുണ്ട് (യോഹന്നാൻ 20:26-29). അങ്ങനെ ആഴ്ച വട്ടത്തിന്റെ ഒന്നാം നാൾ അവർ സഭാ യോഗം കൂടി വന്നിരുന്നു; ആ സന്ദർഭത്തിൽ യേശുവിന്റെ വ്യക്തിപരമായ പ്രത്യക്ഷത സൂചിപ്പിക്കുന്നത് - ക്രിസ്ത്യാനികൾ ഈ ദിവസം കൂടി വരുമ്പോൾ യേശുവിന്റെ ആത്മിയ സാന്നിദ്ധ്യം ഉണ്ടാകും (മത്തായി 18:20).

D. സഭ ആരംഭിച്ചതും ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളിലാണ്. കാരണം പെന്തെക്കൊസ്തുനാൾ എല്ലായ്പ്പോഴും വരുന്നതു ഈ

ദിവസമായിരുന്നു (ലേവ്യാ 23:15) സുവിശേഷം അനുസരിച്ചവർ ദൈവത്തെ ആരാധിക്കേണ്ടതും ഈ ദിവസമാണ് (പ്രവൃത്തി 2:42).

E. പ്രാരംഭക്രിസ്ത്യാനികൾ എല്ലാ ഇടവകകളിലും കൂടിവന്നിരുന്നതു ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാൾ തന്നെയായിരുന്നു (പ്രവൃത്തി 20:7; 1 കൊരിന്ത്യർ 11:20; 16:1-2).

ഇവയെല്ലാം തന്നെ സംശയാതീതമായി ഉറപ്പിക്കുന്ന ഒന്നാണ് കർത്തൃദിവസം ആഴ്ച്ചവട്ടത്തിന്റെ ഒന്നാംനാൾ ആണ് എന്നതു. ആത്മവിവശനായിരുന്ന യോഹന്നാൻ ഈ ദിവസത്തിന്റെ മാഹാത്മ്യത്തെയും പ്രാധാന്യത്തെയും ഓർമ്മിപ്പിക്കുന്നു.

ഞായറാഴ്ച കർത്തൃ ദിവസമാകയാൽ ക്രിസ്ത്യാനികൾ ആ ദിവസം-ഒരു വർഷത്തിൽ അമ്പത്തിരണ്ട് ആഴ്ച്ചകളിലും തുല്യപ്രാധാന്യത്തോടു കൂടി ആരാധിക്കുവാൻ കൂടി വരണം. മനുഷ്യരാൽ പ്രത്യേകത കല്പിച്ചിരിക്കുന്ന മാതാവിന്റെ നാൾ, പിതാവിന്റെ നാൾ, ഈസ്റ്റർ നാൾ, പ്രാർത്ഥന ഞായർ എന്നു തുടങ്ങി ഒന്നും ബൈബിളിൽ ഇല്ല. എല്ലാ ഞായറാഴ്ചകളും കർത്തൃദിവസങ്ങളാണ്. ക്രിസ്ത്യാനികൾ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ കൂടി വരുമ്പോൾ കർത്താവിന്റെ മരണത്തേയും അടക്കത്തേയും ഉയിർപ്പിനേയും കൊണ്ടാടുകയാണ് ചെയ്യുന്നത്. കർത്തൃമേശ ആചരിക്കുമ്പോൾ നമുക്കു വേണ്ടി മരിച്ച കർത്താവിനെ നാം സ്മരിക്കുകയാണ് (1 കൊരിന്ത്യർ 11:20-30) ഒരു കർത്തൃ ദിവസം മറ്റൊന്നിനേക്കാൾ മുകളിലല്ല.

ലോകത്തുള്ള ആളുകൾ പൂർവ്വ പിതാക്കന്മാർക്കും, മാതാക്കൾക്കും എല്ലാം ഓരോ ദിവസം ആചരിക്കുവാനായി പ്രത്യേകമായി നല്കുമ്പോൾ അവർ കർത്താവിൽ നിന്നും ജനത്തെ വിദൂരമാക്കുവാൻ ശ്രമിക്കുകയാണ്. “നിങ്ങൾ ദിവസങ്ങളും മാസങ്ങളും കാലങ്ങളും ആണ്ടുകളും പ്രമാണിക്കുന്നു. ഞാൻ നിങ്ങൾക്കു വേണ്ടി അദ്ധ്വാനിച്ചത് വെറുതെയായി എന്നു ഞാൻ ഭയപ്പെടുന്നു” (ഗലാത്യർ 4:10-11). നാം മാതാപിതാക്കന്മാരേയും ചെറുതും വലുതുമായ സഹോദരങ്ങളേയും ബഹുമാനിക്കണം (എഫെസ്യർ 6:1-3; 1 തിമൊഥെയോസ് 5:1-3). കർത്തൃ ദിവസത്തിൽ നാം ക്രിസ്തു മുഖാന്തരം ദൈവത്തിന് അർപ്പിക്കുന്ന ആരാധനക്കു തുല്യമായോ അതിനപ്പുറമായോ തീരാൻ പാടില്ല. യേശുക്രിസ്തു പറഞ്ഞു: എന്നേക്കാൾ അധികം അപ്പനേയോ അമ്മയേയോ പ്രിയപ്പെടുന്ന

വൻ എനിക്കു യോഗ്യനല്ല. തന്റെ ക്രൂശെടുത്തു എന്നെ അനുഗമിക്കാത്തവനും എനിക്കു യോഗ്യനല്ല (മത്തായി 10:37–38).

യേശുക്രിസ്തുവിന്റെ സഭ ആഴ്ച വട്ടത്തിന്റെ ഒന്നാം നാളിൽകൂടി വരികയും കർത്തൃമേശ ആചരിക്കുകയും അവന്റെ ശുശ്രൂഷയ്ക്കായി അവനവൻ തനിക്കു കഴിവുള്ളത് ചരതിച്ചു നല്കുകയും വേണം. നാം സന്തോഷിച്ച്, ഉല്ലസിച്ച് ആനന്ദിക്കേണ്ട ദിവസം ദൈവ നിർമ്മിതമായ ഈ ദിവസം തന്നെ (സങ്കീർത്തനം 118:24). ചിലർ ചെയ്യുന്നതു പോലെ നമ്മുടെ സഭാ യോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ടു സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക. നാൾ സമീപിക്കുന്നു എന്നു കാണുന്തോറും അതു അധികമായി ചെയ്യേണ്ടതാകുന്നു (എബ്രായർ 10:24–25).

കർത്തൃദിവസത്തിന്റെ പ്രാധാന്യം വളരെ വ്യക്തമാണല്ലൊ. അത് മനസിലാക്കി ഓരോരുത്തരും ആ ദിവസം എന്താണ് ദൈവം ചെയ്യുവാൻ പറഞ്ഞിരിക്കുന്നത് എന്നു ഗ്രഹിച്ചു പ്രവർത്തിക്കുക. ദൈവേഷ്ടത്തെ നാം ഗൗരവമായി കണക്കിലെടുക്കണം. പാരമ്പര്യമായി നാം ചെയ്യുന്നത് ദൈവ വിരുദ്ധമാണോ എന്നു പരിശോധിക്കുക. ദൈവമാണ് നമുക്ക് ഗണ്യമാക്കുവാനുള്ള വ്യക്തി. കാരണം അവൻ ന്യായ കർത്താവും നമ്മെ പരിപാലിക്കുന്നവനും ആകുന്നു.

★

## അനുസരിക്കുവാൻ നാം ഭയപ്പെടുകയോ?

### തിമൊഥി. കെ

സഭയുടെ അച്ചടക്കത്തെ സംബന്ധിച്ച മനോഭാവത്തിൽ വലിയ മാറ്റം സംഭവിച്ചിട്ടുണ്ട് എന്നു പറയാം. എന്തു കൊണ്ട് എന്ന ചോദ്യം ഉണർത്തുന്നു. ഇത് ദൈവവചനം സൂക്ഷ്മമായി മനസിലാക്കിയതു കൊണ്ടാണോ? അതല്ലെങ്കിൽ എന്തു സംഭവിക്കും എന്ന ഭീതിയാണോ? ദൈവവചനം മാറിയിട്ടുണ്ടോ? ഇല്ല എന്നു നമുക്കു അറിയാം. ഇനി മാറുകയുമില്ല.

സഭയുടെ അച്ചടക്കം എന്നാലെന്ത്? ദൈവം, തന്റെ ഭവനത്തിന്റെ

കാര്യവിചാര നടത്തിപ്പിൽ തിരഞ്ഞെടുക്കുവാനുള്ള അവസരം എപ്പോഴെങ്കിലും നല്കിയിട്ടുണ്ടോ? അനവധി പേർ അങ്ങനെ കരുതുന്നു എന്നു തെളിയുന്നു. ചിലർ അതിനെ പൂർണ്ണമായും കണ്ടില്ലെന്നു നടിക്കുന്നു. തിരുവെഴുത്തുകളെ സമീപിച്ച് ശരിയായി പരിശോധിച്ചാൽ തക്ക ഉത്തരം കിട്ടും.

ആദ്യമായി, അച്ചടക്കം തിരഞ്ഞെടുക്കാവുന്ന ഒന്നാണോ? പൗലൊസ് പറഞ്ഞു,"സഹോദരന്മാരെ, ഞങ്ങളോടു പ്രാപിച്ച പ്രമാണം വിട്ടു ക്രമം കെട്ടു നടക്കുന്ന ഏതു സഹോദരനോടും അകന്നു കൊള്ളേണം എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളോടു ആജ്ഞാപിക്കുന്നു" (2 തെസ്സലോനിക്യർ 3:6). ഈ ഭാഗത്തിൽ തെറ്റിദ്ധരിക്കപ്പെടുവാൻ യാതൊന്നും ഇല്ല. ഈ പ്രത്യേക സാഹചര്യത്തിൽ ക്രമരഹിതമായി ജീവിക്കുന്ന വ്യക്തിയെ കൂട്ടായ്മയിൽ നിന്നും അകറ്റി നിർത്തുന്ന പ്രക്രിയ അച്ചടക്കനടപടിയുടെ അവസാന ഭാഗമാണ്.

ഈ കർശനമായ ശിക്ഷക്കു മുൻപായി ആ വ്യക്തിയുടെ അപരാധത്തെ നമ്മുടെ സഹോദരൻ എന്ന പരിഗണന വെച്ച് സംസാരിക്കണം (മത്തായി 18:15-17). എന്നാൽ നാം ഇത് പലപ്പോഴും ചെയ്യുന്നുണ്ടോ? നമ്മുടെ ഒരു സഹോദരൻ സത്യം വിട്ട് അകന്നു പോകുമ്പോൾ നാം ചെയ്യേണ്ടതിനെ യാക്കോബ് ഓർമ്മിപ്പിക്കുന്നു (യാക്കോബ് 5:19). നാം ഇതിൽ ഉൾപ്പെടുന്നുണ്ടോ? ചിലരെ തീയിൽ നിന്നും വലിച്ചെടുത്തു രക്ഷിപ്പിൻ എന്നു യൂദാ പറഞ്ഞിട്ടുണ്ട്. അതായത് അവരുടെ പാപങ്ങളിൽ നിന്നും അവരെ മോചിപ്പിക്കുവാൻ അവർക്ക് മറ്റുള്ളവരുടെ സഹായം ആവശ്യമാണ് അങ്ങനെയുള്ളവരെ യഥാസ്ഥാനപ്പെടുത്തുവാൻ നമ്മോടു കല്പിച്ചിരിക്കുന്നു (ഗലാത്യർ 6:1). "സഹോദരന്മാരെ, നിങ്ങളിൽ ഒരുവൻ സത്യം വിട്ടു തെറ്റിപോകയും അവനെ ഒരുവൻ തിരിച്ചു വരുത്തുകയും ചെയ്താൽ പാപിയെ നേർവ്വഴിക്കു ആക്കുന്നവൻ അവന്റെ പ്രാണനെ മരണത്തിൽ നിന്നു രക്ഷിക്കയും പാപങ്ങളുടെ ബഹുത്വം മറെക്കയും ചെയ്യും എന്നു അവൻ അറിഞ്ഞു കൊള്ളട്ടെ" (യാക്കോബ് 5:19-20). വചനം നമ്മെ ശിക്ഷിച്ച് വളർത്തുകയാണ്.

★

*Watch!*

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!